**KERALA SAHITYA AKADEMI**
Thrissur-680 020, Kerala-India
Phone & Fax :0487 2331069
office@keralasahityaakademi.org
akademiprogramme@gmail.com
Website: keralasahityaakademi.org

## കേരള സാഹിത്യ അക്കാദമി



# വാർഷിക റിപ്പോർട്ട്
# 2024–25

# കേരള സാഹിത്യ അക്കാദമി

# വാർഷിക റിപ്പോർട്ട്

# 2024–2025

# ആമുഖം

തീവ്ര വലതുപക്ഷ ദേശീയതയിലേക്കും പാരമ്പര്യസംരക്ഷണവാദത്തിലേക്കും സമൂഹം പ്രകടമായി ചായുന്ന ഇക്കാലത്ത്, ഒരു നവസാംസ്കാരികതയുടെ പരിപോഷണം അനിവാര്യമായ ഒരു ജനാധിപത്യപ്രതിരോധമാകുന്നു. ഏകശിലാത്മകവും ഭൂതകാലപ്രണയത്തിലധിഷ്ഠിതവുമായ ഇത്തരം രാഷ്ട്രീയനിലപാടുകളിലൂടെ സംഭവിക്കുന്ന അപരവൽകരണത്തിനും നാം സാക്ഷിയാണ്. നവീകരണത്തിന്റെയും ഉൾക്കൊള്ളലിന്റെയും പ്രതിരോധത്തിന്റെയും പുതു ഇടങ്ങൾ സൃഷ്ടിച്ചുകൊണ്ടേ ഈ പ്രതിലോമസംസ്കാരത്തെ നമുക്കു നേരിടാനാവൂ. സാംസ്കാരികസ്ഥാപനങ്ങൾ ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെയും സാംസ്കാരികവൈവിധ്യത്തിന്റെയും കാവലാളുകളായി മാറുകയും വിമർശനാത്മകമായ സംവാദങ്ങളെ പരിപോഷിപ്പിച്ചുകൊണ്ട് അസഹിഷ്ണുതയുടെ അന്തരീക്ഷത്തെ ചെറുത്തുതോല്പിക്കുകയും വേണം. കേരള സാഹിത്യ അക്കാദമി ഏറ്റെടുത്തിരിക്കുന്ന ദൗത്യവും മറ്റൊന്നല്ല. സമൂഹോന്മുഖമായ പ്രവർത്തനങ്ങളിലൂടെ സാഹിത്യത്തെ ജനകീയമാക്കാൻ അക്കാദമിക്ക് സാധിച്ച കാലയളവായിരുന്നു 2024–25.

കേരളത്തിന്റെ സാംസ്കാരികചരിത്രത്തിൽ ഇടംപിടിച്ച നിരവധി പരിപാടികൾക്ക് ഈ കാലയളവ് സാക്ഷ്യം വഹിച്ചു. വിശ്വസാഹിത്യത്തിലെ ക്ലാസിക്കായ വിക്ടർ ഹ്യൂഗോയുടെ 'ലെ മിസറബിൾസ്' എന്ന നോവലിന് നാലപ്പാട്ടു നാരായണമേനോൻ നിർവഹിച്ച മലയാള വിവർത്തനമായ 'പാവങ്ങൾ' പ്രസിദ്ധീകരിച്ചതിന്റെ നൂറാം വാർഷികാഘോഷം വിവിധ പരിപാടികളുമായി വിപുലമായി സംഘടിപ്പിച്ചു. മലയാള സാഹിത്യത്തിലെ പ്രമുഖ എഴുത്തുകാർ പങ്കെടുത്ത 'എന്റെ രചനാലോകങ്ങൾ' എന്ന പരിപാടി വായനക്കാർക്ക് നവ്യാനുഭവം പകർന്നു. സാഹിത്യവിമർശന ശാഖയെ ഗൗരവമായി സമീപിക്കുന്നവർക്കായി സംഘടിപ്പിച്ച നിരൂപണ സാഹിത്യശില്പശാല ഏറെ ശ്രദ്ധേയമായി. ആലുവയിൽ നടന്ന സർവമത സമ്മേളനത്തിന്റെ ശതാബ്ദി സമുചിതമായി ആഘോഷിക്കുന്നതിനായി സംഘടിപ്പിച്ച സെമിനാർ കേരളത്തിന്റെ മതേതര പാരമ്പര്യത്തെ അടിവരയിടുന്നതായിരുന്നു. കൂടാതെ, പ്രമുഖ എഴുത്തുകാരുടെ അനുസ്മരണങ്ങളും അക്കാദമി സംഘടിപ്പിച്ചു.

അക്കാദമിയുടെ പ്രസാധനവിഭാഗം സാഹിത്യമൂല്യമുള്ള മികച്ച നിരവധി പുസ്തകങ്ങൾ ഈ വർഷം വായനക്കാരിലെത്തിച്ചു. അക്കാദമി പ്രസിദ്ധീകരിക്കുന്ന ആനുകാലികങ്ങൾ ഗവേഷണമേഖലയ്ക്ക് വലിയൊരു മുതൽക്കൂട്ടായി മാറിയിട്ടുണ്ട്. കേരളത്തിനകത്തും പുറത്തുമുള്ള ഗവേഷകർക്കും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അക്കാദമി ലൈബ്രറിയും അപ്പൻതമ്പുരാൻ സ്മാരക മ്യൂസിയവും വലിയ തോതിൽ സഹായം നൽകിവരുന്നു.

2024–25 കാലയളവിൽ അക്കാദമി നടത്തിയ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്തരൂപമാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സാംസ്കാരിക നവീകരണമെന്ന തികവാർന്ന ലക്ഷ്യത്തോടെ മുന്നോട്ടു പോകാനുള്ള ഊർജ്ജം ഈ പ്രവർത്തനങ്ങളിൽ നിന്നു ഞങ്ങൾക്കു ലഭിച്ചുവെന്നുകൂടി കൂട്ടിച്ചേർക്കട്ടെ.

**സി.പി.അബൂബക്കർ**
സെക്രട്ടറി

# ആദരാഞ്ജലി

തിരക്കഥാകൃത്ത് ബൽറാം മട്ടന്നൂർ, സംഗീതസംവിധായകൻ കെ.ജി.ജയൻ, കവി പി.സലിംരാജ്, ചലച്ചിത്രനിർമ്മാതാവ് ഗാന്ധിമതി ബാലൻ, സംവിധായകൻ ഹരികുമാർ, പ്രശസ്ത കനേഡിയൻ ചെറുകഥാകൃത്തും നൊബേൽ സമ്മാനജേതാവുമായിരുന്ന ആലീസ് മൺറോ, ചലച്ചിത്രനടി കനകലത, കവിയും ദളിത് ചിന്തകനും എഴുത്തുകാരനുമായിരുന്ന കെ.കെ.എസ്.ദാസ്, മുതിർന്ന മാധ്യമപ്രവർത്തകനും എഴുത്തുകാരനും രാഷ്ട്രീയ നിരീക്ഷകനുമായിരുന്ന ബി.ആർ.പി.ഭാസ്കർ, അക്കാദമിയുടെ സമഗ്രസംഭാവനാപുരസ്കാരജേതാവും നോവലിസ്റ്റുമായിരുന്ന ശ്രീധരൻ ചമ്പാട്ട്, ഫിലിം സൊസൈറ്റി പ്രവർത്തകനും എഴുത്തുകാരനുമായിരുന്ന ചെലവൂർ വേണു, കൊൽക്കത്തയുടെ ചരിത്രകാരൻ എന്നറിയപ്പെടുന്ന പി.തങ്കപ്പൻനായർ, ശാസ്ത്ര എഴുത്തുകാരനും ഭൗമശാസ്ത്രജ്ഞനുമായിരുന്ന ഡോ.വി.ശിവകുമാർ, പുന്നപ്ര വയലാർ സമരസേനാനി കെ.കെ. വിശ്വനാഥൻ, എക്സ്പ്രസ്സ് പബ്ലിക്കേഷൻസ് മുൻ എം.ഡി സരോജ് ഗോയങ്ക, മുതിർന്ന മാധ്യമപ്രവർത്തകൻ എൻ.ചിദംബരൻ, ഡബ്ല്യു.സി.കെ.റോയ്, സിനിമാസംവിധായകൻ യു.വേണുഗോപൻ, സംസ്കൃതപണ്ഡിതനും എഴുത്തുകാരനുമായിരുന്ന പ്രൊഫ.കെ.പി.ബാബുദാസ്, രാമോജി ഫിലിംസിറ്റി സ്ഥാപകനും മാധ്യമപ്രവർത്തകനുമായിരുന്ന രാമോജി റാവു, സിനിമ സീരിയൽ അഭിനേതാവ് കോട്ടയം സോമരാജ്, കുവൈറ്റ് തീപ്പിടുത്തത്തിൽ മരിച്ചവർ, ഗുജറാത്തിലെ രാജ്ഘട്ടിലുണ്ടായ തീപ്പിടുത്തത്തിൽ മരിച്ചവർ, വിവർത്തകനും കവിയുമായിരുന്ന പ്രൊഫ.സി.ജി. രാജഗോപാൽ, കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരജേതാവും കൊങ്കിണി സാഹിത്യകാരനുമായിരുന്ന കെ.അനന്ത ഭട്ട്, പ്രശസ്ത നർത്തകി യാമിനി കൃഷ്ണമൂർത്തി, മുൻമന്ത്രി കുട്ടി അഹമ്മദ്കുട്ടി, ശാസ്ത്രസാഹിത്യകാരനും ദൃശ്യമാധ്യമപ്രവർത്തകനുമായിരുന്ന ടി.കെ. കൊച്ചുനാരായണൻ, സാഹിത്യകാരനും അധ്യാപകനുമായിരുന്ന നടുവട്ടം രവീന്ദ്രൻ, നാടക നടൻ ജിനൻ കാണിപ്പയ്യൂർ, ഓട്ടൻതുള്ളൽ ആചാര്യൻ കലാമണ്ഡലം ജനാർദ്ദനൻ, നാടക സംവിധായകനും നടനുമായിരുന്ന ജോസ് പായമ്മൽ, വയനാട്ടിലെ ഉരുൾപൊട്ടലിൽ മരണമടഞ്ഞവർ, അക്കാദമിയുടെ സമഗ്രസംഭാവനാപുരസ്കാരജേതാവ് ഡോ.പി.കെ.സുകുമാരൻ, അൽബേനിയൻ സാഹിത്യകാരൻ ഇസ്മയിൽ കദാരെ, കവിയും എഴുത്തുകാരനുമായിരുന്ന പ്രൊഫ.കെ.കെ.ഹിരണ്യൻ, അക്കാദമിയുടെ മുൻ ജീവചരിത്രപുരസ്കാരജേതാവ് എ.രാധാകൃഷ്ണൻ, പ്രശസ്ത ഹൃദയശസ്ത്രക്രിയാവിദഗ്ധൻ ഡോ.എം.എസ്.വല്യത്താൻ, തമിഴ് എഴുത്തുകാരൻ എം.കെ.മണി, കവിയും കഥാകൃത്തുമായിരുന്ന ദാമോദരമേനോൻ, കവിയും എഴുത്തുകാരനുമായിരുന്ന അമ്പലപ്പുഴ ഗോപകുമാർ, സിനിമാനിർമ്മാതാവും സംവിധായകനുമായിരുന്ന അരോമ മണി, ചരിത്രകാരനും എഴുത്തുകാരനും അക്കാദമി സമഗ്രസംഭാവനാപുരസ്കാരജേതാവുമായിരുന്ന വേലായുധൻ പണിക്കശ്ശേരി, അക്കാദമി അവാർഡുജേതാവും നാടകകൃത്തും നോവലിസ്റ്റുമായിരുന്ന കെ.ജെ.ബേബി, സി.പി.എം.ജനറൽസെക്രട്ടറി സീതാറാം യെച്ചൂരി, മുൻ എം.പി. എം.എം.ലോറൻസ്, മുൻ എം.എൽ.എ. കെ.പി.കുഞ്ഞിക്കണ്ണൻ, അമേരിക്കൻ സാഹിത്യനിരൂപകനും തത്ത്വചിന്തകനും മാർക്സിസ്റ്റ് രാഷ്ട്രീയ സൈദ്ധാന്തികനുമായിരുന്ന ഫ്രെഡറിക്

ജെയിംസൺ ഇന്ത്യൻ നിരൂപകയും കവിയും എഴുത്തുകാരിയും, ചിത്രകാരിയുമായിരുന്ന അരുണ വാസുദേവ്, പത്രപ്രവർത്തകൻ മണർകാട് മാത്യു, ചലച്ചിത്രനടി കവിയൂർ പൊന്നമ്മ, ചരിത്രകാരനും ബഹുഭാഷാപണ്ഡിതനും വൈദികനുമായിരുന്ന മോൺ ജോർജ്ജ് കുരുക്കൂർ, സിനിമാസംവിധായകൻ മോഹൻ, കവിയും സാംസ്കാരികപ്രവർത്തകനും നാടകനടനുമായിരുന്ന ജ്യോതി പുല്ലനാട്ട്, അക്കാദമി മുൻ വൈസ് പ്രസിഡന്റും സാഹിത്യ വിമർശകനുമായിരുന്ന ബാലചന്ദ്രൻ വടക്കേടത്ത്, അക്കാദമി സമഗ്രസംഭാവനാപുരസ്കാരജേതാവും സാഹിത്യ വിമർശകനും അധ്യാപകനും വാഗ്മിയുമായിരുന്ന പ്രയാർ പ്രഭാകരൻ, രത്തൻ ടാറ്റ, റേഡിയോ വാർത്താ അവതാരകൻ എം.രാമചന്ദ്രൻ, ജർമ്മൻ എഴുത്തുകാരി സിൽവി ബാന്റിൽ, എഴുത്തുകാരൻ രവി പനമ്പിള്ളി, എഴുത്തുകാരി സരസ്വതി എസ്.വാരിയർ, ചലച്ചിത്രനടി നെയ്യാറ്റിൻകര കോമളം, ഗായിക മച്ചാട് വാസന്തി, കേരള സാഹിത്യ അക്കാദമിയുടെ സമഗ്രസംഭാവനാപുരസ്കാരം, കേന്ദ്ര സാഹിത്യഅക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, കേരള പ്രഭ എന്നീ പുരസ്കാരങ്ങൾ നേടിയ നാടകകൃത്ത് ഓംചേരി എൻ.എൻ.പിള്ള, അക്കാദമിയുടെ സമഗ്രസംഭാവനാ പുരസ്കാരജേതാവും നിരൂപകനുമായിരുന്ന മാമ്പുഴ കുമാരൻ, വിവർത്തകൻ എം.പി.സദാശിവൻ, വിമോചന ദൈവശാസ്ത്രത്തിന്റെ ഉപജ്ഞാതാവ് ഗുസ്താവെ ഗ്യൂട്ടറസ്, വി.പി.വാസുദേവൻ, നടൻ മേഘനാഥൻ, നടൻ ദില്ലി ഗണേഷ്, ചലച്ചിത്ര നാടകനടൻ ടി.പി.കുഞ്ഞിക്കണ്ണൻ, മുൻ മന്ത്രി എം.ടി.പത്മ, കേരള സാഹിത്യ അക്കാദമി മുൻ നിർവാഹക സമിതി അംഗവും, അക്കാദമി അവാർഡ് ജേതാവും സാഹിത്യ നിരൂപകനുമായിരുന്ന പ്രൊഫ. എം.ആർ.ചന്ദ്രശേഖരൻ, പത്രപ്രവർത്തകൻ വാസുദേവൻ അന്തിക്കാട്, തബല മാന്ത്രികൻ സക്കീർ ഹുസൈൻ, ചൈനീസ് നോവലിസ്റ്റ് ചിയുങ് യാവോ, ആകാശവാണി തൃശ്ശൂർ സ്റ്റേഷൻ ഡയറക്ടർ എം.ബാലകൃഷ്ണൻ, ഇന്ത്യയുടെ മുൻ പ്രധാനമന്ത്രി മൻമോഹൻ സിങ്ങ്, ജ്ഞാനപീഠജേതാവും അക്കാദമിയുടെ മുൻപ്രസിഡന്റും വിശിഷ്ടാംഗവുമായിരുന്ന എം.ടി.വാസുദേവൻനായർ, പ്രമുഖ സസ്യശാസ്ത്രജ്ഞനും പത്മശ്രീ ജേതാവുമായിരുന്ന കെ.എസ്.മണിലാൽ, ഗായകൻ പി. ജയചന്ദ്രൻ, മുതിർന്ന മാധ്യമപ്രവർത്തകൻ എസ്.ജയചന്ദ്രൻ നായർ, വിവർത്തകൻ കെ. ഗംഗാധരൻ, കവി മേലൂർ വാസുദേവൻ, ചിത്രകാരൻ മോപ്പസാങ്ങ് വാലത്ത്, അധ്യാപകനും എഴുത്തുകാരനും തിരക്കഥാകൃത്തുമായിരുന്ന ശ്രീവരാഹം ബാലകൃഷ്ണൻ, ദളിത് ചിന്തകനും എഴുത്തുകാരനും കേരള സാഹിത്യ അക്കാദമി സമഗ്രസംഭാവനാ പുരസ്കാരജേതാവുമായിരുന്ന കെ.കെ.കൊച്ച്, കേരള സാഹിത്യ അക്കാദമി സമഗ്രസംഭാവനാ പുരസ്കാരജേതാവും പ്രഭാഷകനും സാഹിത്യ നിരൂപകനും സംഗീതനാടക അക്കാദമി മുൻ സെക്രട്ടറിയുമായിരുന്ന പി.അപ്പുക്കുട്ടൻ, ഗാനരചയിതാവ് മങ്കൊമ്പ് ഗോപാലകൃഷ്ണൻ, ഗ്രന്ഥശാലാപ്രവർത്തകൻ എം. ശിവശങ്കരൻ, എഴുത്തുകാരൻ എ.കെ.പുതുശേരി, സംസ്കൃത പണ്ഡിതൻ വൈദ്യലിംഗശർമ്മ, മുൻ എം.എൽ.എ. പി.രാജു എന്നിവർ ഭാഷയ്ക്കും സംസ്കാരത്തിനും നൽകിയ വിലപ്പെട്ട സംഭാവനകൾക്കുമുന്നിൽ കേരള സാഹിത്യ അക്കാദമി ആദരപൂർവ്വം നമിക്കുന്നു.

# അക്കാദമി പരിപാടികൾ 2024-2025

(2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെ)

**സർഗവരമ്പ്–സാഹിത്യ ശില്പശാല**
**2024 ഏപ്രിൽ 15, 16, 17**
**ഗ്രന്ഥപുര, പെരിഞ്ഞനം, തൃശ്ശൂർ**

കേരള സാഹിത്യ അക്കാദമിയും പെരിഞ്ഞനം ഗ്രന്ഥപുരയും ചേർന്ന് സർഗവരമ്പ് സാഹിത്യ ശില്പശാല നടത്തി. അശോകൻ ചരുവിൽ, വി.എസ്.ബിന്ദു എന്നിവർ പങ്കെടുത്തു സംസാരിച്ചു.

**സർവമതസമ്മേളനം ശതാബ്ദി സെമിനാറും പുസ്തകപ്രകാശനവും**
**2024 മെയ് 4,**
**അക്കാദമി ഓഡിറ്റോറിയം, തൃശ്ശൂർ**

ആലുവ സർവമതസമ്മേളനത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് കേരള സാഹിത്യ അക്കാദമി സെമിനാറും പുസ്തകപ്രകാശനവും സംഘടിപ്പിച്ചു. ശ്രീനാരായണ ധർമ്മസംഘം ജനറൽ സെക്രട്ടറി ശുഭാംഗാനന്ദ പരിപാടി ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ അക്കാദമി പ്രസിഡന്റ് സച്ചിദാനന്ദൻ അധ്യക്ഷനായിരുന്നു. ചടങ്ങിൽ സാറാ ജോസഫ് മുഖ്യാതിഥിയായിരുന്നു. ഷൗക്കത്ത്, സി.പി.അബൂബക്കർ തുടങ്ങിയവർ പങ്കെടുത്തു.

തുടർന്ന് 'സർവമതസമ്മേളനവും ഗുരുവിന്റെ മതദർശനവും' എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ ഡോ.ഖദീജ മുംതാസ്, കെ.പി.രാമനുണ്ണി, ഡോ.എം.എ.സിദ്ദിഖ് എന്നിവർ പ്രബന്ധാവതരണം നടത്തി. അശോകൻ ചരുവിൽ അധ്യക്ഷത വഹിച്ചു. വിജയരാജമല്ലിക സ്വാഗതമാശംസിച്ചു. ആലുവ സർവമതസമ്മേളനത്തെക്കുറിച്ച് അക്കാദമി പ്രസിദ്ധീകരിച്ച ഡോ.സുനിൽ പി.ഇളയിടം എഡിറ്റുചെയ്ത 'പലമതസാരവുമേകം' എന്ന പുസ്തകം ആലുവ അദ്വൈതാശ്രമം സെക്രട്ടറി സ്വാമി ധർമ്മചൈതന്യ ഡോ.ഖദീജാമുംതാസിനു നൽകി പ്രകാശനം ചെയ്തു. എൻ.ജി.നയനതാര, കെ.എസ്.സുനിൽകുമാർ എന്നിവർ പങ്കെടുത്തു.

**വള്ളുവനാട്ടിലെ പാണനാർ പാട്ടുകൾ–പുസ്തകപ്രകാശനം**
**2024 മെയ് 21,**
**കെ.എസ്.ടി.എ. ഹാൾ, പെരിന്തൽമണ്ണ, സഹകരണം–ചെറുകാട് സ്മാരകട്രസ്റ്റ്, പെരിന്തൽമണ്ണ**

കെ.പി.നാരായണൻ ഏലംകുളം സമ്പാദനവും വ്യാഖ്യാനവും നിർവഹിച്ച് കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച 'വള്ളുവനാട്ടിലെ പാണനാർ പാട്ടുകൾ' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം ആലങ്കോട് ലീലാകൃഷ്ണൻ വി.പി.വാസുദേവന് നൽകി നിർവഹിച്ചു. അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ ആമുഖപ്രഭാഷണം നടത്തി. സി.പി.ചിത്രഭാനു, ഇ.രാജേഷ്, പി.അജിത്കുമാർ, വേണു പാലൂർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

**കമല സുരയ്യ അനുസ്മരണം**
**നവസർഗം സാഹിത്യ ശില്പശാല**
**2024 മെയ് 31**
**കമല സുരയ്യ സ്മാരകം, പുന്നയൂർകുളം**

കേരള സാഹിത്യ അക്കാദമി പുന്നയൂർകുളം കമല സുരയ്യ സ്മാരകത്തിൽ സംഘടിപ്പിച്ച കമല സുരയ്യ അനുസ്മരണം സച്ചിദാനന്ദൻ ഉദ്ഘാടനം നിർവഹിച്ചു. അക്കാദമി വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ അനുസ്മരണ പ്രഭാഷണം നടത്തി. ചടങ്ങിൽ പ്രശസ്ത ചിത്രകാരൻ വി.കെ.ശിവദാസ് തയ്യാറാക്കിയ കമല സുരയ്യയുടെ ഛായാചിത്രം അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ ഏറ്റുവാങ്ങി.

തുടർന്ന് നടന്ന നവസർഗം ശില്പശാലയിൽ ഇ. സന്തോഷ് കുമാർ, ഡോ.അനിതാതമ്പി എന്നിവർ സംസാരിച്ചു. വി.എം.മൃദുൽ, സി.രേഷ്മ, മിഥുൻ കൃഷ്ണ, കെ.എ.റഹിമ, കെ.ടി.അനസ്, മൊയ്തീൻ, അമൽരാജ് പാറമ്മേൽ, ദൃശ്യ പദ്മനാഭൻ, കെ.എസ്.ആർദ്ര എന്നിവർ പങ്കെടുത്തു സംസാരിച്ചു. ജാസ്മിൻ ഷാഹിർ, ഡെറി പോൾ, കെ.എസ്.സുനിൽകുമാർ, കെ.പി.സുകുമാരൻ എന്നിവർ പങ്കെടുത്തു.

**തായാട്ട് ശങ്കരൻ ജന്മശതാബ്ദി സെമിനാർ**
**2024 ജൂൺ 22**
**സാഹിത്യ അക്കാദമി ഓഡിറ്റോറിയം, തൃശ്ശൂർ**

കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച സാഹിത്യനിരൂപകനും ചിന്തകനും വാഗ്മിയുമായിരുന്ന തായാട്ട് ശങ്കരന്റെ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ശതാബ്ദി സെമിനാർ അക്കാദമി പ്രസിഡന്റ് സച്ചിദാനന്ദൻ ഉദ്ഘാടനം നിർവഹിച്ചു. 'തായാട്ട് ശങ്കരനും സമകാലിക ഇന്ത്യയും' എന്ന വിഷയത്തിൽ മാർക്സിനെയും ഗാന്ധിയേയും അംബേദ്കറെയും ഒരുമിച്ചു കൊണ്ടുനടക്കാൻ ഒരു ചിന്തകന് കഴിയും എന്നതിന്റെ ഉദാഹരണമാണ് തായാട്ടെന്ന് അദ്ദേഹം പറഞ്ഞു. അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ അധ്യക്ഷനായിരുന്നു. 'തായാട്ട് ശങ്കരനും സമകാലിക ഇന്ത്യയും' എന്ന വിഷയത്തിൽ ഡോ.കെ.എം. അനിൽ ശതാബ്ദിപ്രഭാഷണം നടത്തി. പ്രൊഫ. പി.എൻ.പ്രകാശ്, സിസ്റ്റർ ജെസ്മി എന്നിവർ സംസാരിച്ചു.

പരിപാടിയോടനുബന്ധിച്ചു നടന്ന സെമിനാറിൽ അക്കാദമി വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ അധ്യക്ഷനായിരുന്നു. 'തായാട്ടിന്റെ സാഹിത്യദർശനം' എന്ന വിഷയത്തിൽ ഡോ. കെ.പി.മോഹനനും 'മതേതര ജനാധിപത്യം: വർത്തമാനവും ഭാവിയും' എന്ന വിഷയത്തിൽ ഹമീദ് ചേന്ദമംഗലൂരും 'തായാട്ടിന്റെ വിദ്യാഭ്യാസവീക്ഷണം' എന്ന വിഷയത്തിൽ ആർ. പാർവതീദേവിയും പ്രബന്ധം അവതരിപ്പിച്ചു. അക്കാദമി ജനറൽ കൗൺസിലംഗം മോബിൻ മോഹൻ സ്വാഗതവും കെ.എസ്.സുനിൽകുമാർ നന്ദിയും പറഞ്ഞു.

**പി.ഭാസ്കരൻ ജന്മശതാബ്ദി ആഘോഷം**
**2024 ജൂലൈ 7**
**പണിക്കേഴ്സ് ഹാൾ, കൊടുങ്ങല്ലൂർ, തൃശ്ശൂർ**

കേരള സാഹിത്യ അക്കാദമിയുടെ നേതൃത്വത്തിൽ പി.ഭാസ്കരൻ ജന്മശതാബ്ദി ആഘോഷം സംഘടിപ്പിച്ചു. അക്കാദമി പ്രസിഡന്റ് സച്ചിദാനന്ദൻ, വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ, സെക്രട്ടറി സി.പി.അബൂബക്കർ, സി.സി.വിപിൻചന്ദ്രൻ, ഇ.പി.രാജഗോപാലൻ, പുഷ്പവതി, സി.എസ്.തിലകൻ തുടങ്ങിയവർ പങ്കെടുത്തു. 2.30-ന് നടന്ന സെമിനാറിൽ ആലങ്കോട് ലീലാകൃഷ്ണൻ, കരിവെള്ളൂർ മുരളി, ബക്കർ മേത്തല, ഡോ.പി.എസ്.ശ്രീകല, കമൽ, പി.എൻ.ഗോപീകൃഷ്ണൻ, പ്രൊഫ.കെ. അജിത തുടങ്ങിയവർ പങ്കെടുത്തു സംസാരിച്ചു.

**ബഷീർ ഓർമ്മ–30–ാം ചരമവാർഷികം, സ്മാരകപ്രഭാഷണം**
**2024 ജൂലൈ 8,**
**സാഹിത്യ അക്കാദമി ഓഡിറ്റോറിയം, തൃശ്ശൂർ**

വൈക്കം മുഹമ്മദ് ബഷീറിന്റെ അനശ്വരസ്മരണകൾക്കുമുമ്പിൽ ആദരമർപ്പിച്ച് കേരള സാഹിത്യ അക്കാദമി, കോഴിക്കോട് സംഗീതമേ ജീവിതം ഫൗണ്ടേഷന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ബഷീർ ഓർമ്മ അക്കാദമി പ്രസിഡന്റ് സച്ചിദാനന്ദൻ ഉദ്ഘാടനം നിർവഹിച്ചു. മിതത്വം മുഖമുദ്രയാക്കി ന്യൂനോക്തിയിൽ സംവദിച്ചിരുന്ന വിനീത ചരിത്രകാരനായിരുന്നു വൈക്കം മുഹമ്മദ് ബഷീറെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഒരു അനുഭവത്തെ അതിനുള്ളിൽതന്നെ അഴിച്ചുകളയുന്ന ധാരാളം ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വ്യത്യസ്തമായ രചനാശൈലിയായിരുന്നു വൈക്കം മുഹമ്മദ് ബഷീറിന്റേതെന്ന് 'ബഷീറിന്റെ എതിർലോകങ്ങൾ' എന്ന വിഷയത്തിൽ പ്രഭാഷണം നിർവഹിച്ചുകൊണ്ട് ഡോ. സുനിൽ പി.ഇളയിടം പറഞ്ഞു. ചടങ്ങിൽ അക്കാദമി വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ അധ്യക്ഷനായിരുന്നു. അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ, എൻ.ജി.നയനതാര, സംഗീതമേ ഫൗണ്ടേഷൻ ഡയറക്ടർ അഡ്വ.കെ.കെ.അബ്ദുൾ അസീസ് തുടങ്ങിയവർ പങ്കെടുത്തു.

**കേൾക്കാത്ത ശബ്ദങ്ങൾ–ക്വിയർരചനകൾ**
**പുസ്തകപ്രകാശനം**
**2024 ജൂലൈ 15,**
**അക്കാദമി വൈലോപ്പിള്ളി ഹാൾ, തൃശ്ശൂർ**

കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച ക്വിയർ വ്യക്തികളുടെ രചനകൾ ഉൾപ്പെടുത്തി വിജയരാജമല്ലിക, അനസ് എൻ.എസ്. എന്നിവർ എഡിറ്റുചെയ്ത കേൾക്കാത്തശബ്ദങ്ങൾ എന്ന സമാഹാരം അക്കാദമി പ്രസിഡന്റ് സച്ചിദാനന്ദൻ പ്രകാശനം ചെയ്തു. വളരെ വൈകിമാത്രം ജനാധിപത്യത്തിൽ കടന്നുവരാൻ കഴിഞ്ഞ മനുഷ്യരാണ് ക്വിയർ വ്യക്തികളെന്ന് അദ്ദേഹം പറഞ്ഞു. അലീന ആകാശമിഠായി പുസ്തകം ഏറ്റുവാങ്ങി. അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ, വിജയരാജമല്ലിക, അനസ് എൻ.എസ്., അശോകൻ ചരുവിൽ, രാവുണ്ണി, എൻ.രാജൻ, ശ്രീലതാ വർമ്മ, എൻ.ജി.നയനതാര, കെ.എസ്.സുനിൽ കുമാർ തുടങ്ങിയവർ പങ്കെടുത്തു.

**തോപ്പിൽഭാസി ജന്മശതാബ്ദി ആഘോഷം**
**2024 ജൂലൈ 18**
**എസ്.എച്ച്. ഓഡിറ്റോറിയം, വെഞ്ഞാറമൂട്, തിരുവനന്തപുരം**

കേരള സാഹിത്യ അക്കാദമി, സാംസ്കാരിക വകുപ്പ്, വെഞ്ഞാറമൂട് സാംസ്കാരികസംഘം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച തോപ്പിൽ ഭാസി ജന്മശതാബ്ദി ആഘോഷം മുൻമന്ത്രി എം.എ.ബേബി ഉദ്ഘാടനം നിർവഹിച്ചു. മതപരവും ജാതീയവുമായ ചേരിതിരിവുകൾക്കും വേർതിരിവുകൾക്കുമപ്പുറം മനുഷ്യരാണെന്ന നിലയിൽ മലയാളിയെ നയിച്ചത് നാടകസാഹിത്യമാണെന്ന് അദ്ദേഹം പറഞ്ഞു. ഡി.കെ.മുരളി എം.എൽ.എ. അധ്യക്ഷത വഹിച്ചു. എ.എ.റഹിം എം.പി., പ്രൊഫ.വി.എൻ. മുരളി, ഡോ.എ.ഷീലാകുമാരി, വട്ടപ്പറമ്പിൽ പീതാംബരൻ, ഇ.എ.സലിം, വി.എസ്.ബിന്ദു, വൈ.വി.ശോഭകുമാർ, കെ.ബാബുരാജ്, സുജിത് മോഹൻ, ഡോ.ബി.നജീബ്, ഷാഹിനാദ് പുല്ലമ്പാറ, ഷാജഹാൻ തുടങ്ങിയവർ സംസാരിച്ചു. ഡോ.എം.എ.സിദ്ദിഖ്, ഡോ.സീമ ജെറോം, ഡോ.സുനിൽ പി.ഇളയിടം തുടങ്ങിയവർ വിവിധ സെമിനാറുകളിൽ പങ്കെടുത്ത് സംസാരിച്ചു.

**എന്റെ രചനാലോകങ്ങൾ–ടി.ഡി.രാമകൃഷ്ണൻ**
**2024 ജൂലൈ 25**
**അക്കാദമി വൈലോപ്പിള്ളി ഹാൾ, തൃശ്ശൂർ**

എഴുത്തുകാരുടെ രചനാനുഭവങ്ങൾ പങ്കുവെയ്ക്കാനായി അക്കാദമി സംഘടിപ്പിക്കുന്ന എന്റെ രചനാലോകങ്ങൾ എന്ന ആശയസംവാദ പരിപാടിയിൽ നോവലിസ്റ്റും വിവർത്തകനുമായ ടി.ഡി.രാമകൃഷ്ണൻ വായനക്കാരുമായി സംവദിച്ചു. അദ്ദേഹത്തിന്റെ ആൽഫ മുതൽ പച്ച മഞ്ഞ ചുവപ്പ് വരെയുള്ള രചനകൾ മുൻനിർത്തി വായനക്കാർ സംവാദം നടത്തി. ഡോ.എം.എ.സിദ്ദിഖ് അധ്യക്ഷനായി. അക്കാദമി പ്രസിഡന്റ് സച്ചിദാനന്ദൻ, വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ, സെക്രട്ടറി സി.പി.അബൂബക്കർ തുടങ്ങിയവർ പങ്കെടുത്തു.

**എന്റെ രചനാലോകങ്ങൾ–അഷ്ടമൂർത്തി**
**2024 ആഗസ്റ്റ് 23**
**അക്കാദമി വൈലോപ്പിള്ളി ഹാൾ, തൃശ്ശൂർ**

എഴുത്തുകാരുടെ രചനാനുഭവങ്ങൾ പങ്കുവെയ്ക്കാനായി അക്കാദമി സംഘടിപ്പിക്കുന്ന എന്റെ രചനാലോകങ്ങൾ എന്ന ആശയസംവാദ പരിപാടിയിൽ എഴുത്തുകാരനും കഥാകൃത്തുമായ അഷ്ടമൂർത്തി വായനക്കാരുമായി സംവദിച്ചു. മുംബൈ ജീവിതം നൽകിയ കാഴ്ചപ്പാടും ഉറപ്പുമാണ് എഴുത്തിന്റെ കരുത്തെന്ന് അദ്ദേഹം പറഞ്ഞു. അക്കാദമി വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ, സെക്രട്ടറി സി.പി.അബൂബക്കർ, സബ് എഡിറ്റർ സൗമ്യ കെ.എസ്. തുടങ്ങിയവർ പങ്കെടുത്തു

**പുളിമാന പരമേശ്വരൻപിള്ളയുടെ സമത്വവാദിയും മറ്റു കൃതികളും**
**പുസ്തകപ്രകാശനവും സെമിനാറും**
**2024 സെപ്തംബർ 6**
**വികാസ് ഓഡിറ്റോറിയം, ചവറ, കൊല്ലം**

കേരള സാഹിത്യ അക്കാദമിയുടെ ആഭിമുഖ്യത്തിൽ കൊല്ലം ചവറ വികാസ് കലാസാംസ്കാരികസമിതിയുടെ സഹകരണത്തോടെ ചവറയിലെ വികാസ് ഓഡിറ്റോറിയത്തിൽവെച്ച് മലയാളസാഹിത്യത്തിനും നാടകവേദിക്കും മഹത്തായ സംഭാവനകൾ നൽകിയ പുളിമാന പരമേശ്വരൻപിള്ളയുടെ സാഹിത്യസംഭാവന

കളെ സമാദരിക്കുന്നതിന് വിവിധ പരിപാടികൾ സംഘടിപ്പിച്ചു. അദ്ദേഹത്തിന്റെ സാഹിത്യരചനകളെ ഉൾപ്പെടുത്തി അക്കാദമി പ്രസിദ്ധീകരിച്ച 'സമത്വവാദിയും മറ്റു കൃതികളും' എന്ന പുസ്തകം ചവറ കെ.എസ്.പിള്ള പ്രകാശനം നിർവഹിച്ചു. ഡോ.എം.എ.സിദ്ദിഖ് പുസ്തകം ഏറ്റുവാങ്ങി. ഡോ.സുജിത്ത് വിജയൻപിള്ള എം.എൽ.എ. അധ്യക്ഷത വഹിച്ചു. അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ, സുനിത കെ. എന്നിവർ പങ്കെടുത്തു. 'പുളിമാന: ആധുനികതയുടെ മുന്നോടി' എന്ന വിഷയത്തിൽ ഡോ.കെ.എസ്. രവികുമാറും, 'സമത്വവാദിയും മലയാള നാടകവും' എന്ന വിഷയത്തിൽ വി.എസ്.ബിന്ദുവും സെമിനാർ അവതരിപ്പിച്ചു. വികാസ് ലൈബ്രറി സെക്രട്ടറി വി.ബാബു രാജേന്ദ്രൻ പിള്ള, ജി.ബിജുകുമാർ, ശ്രീഹരി രാജ് തുടങ്ങിയവർ പങ്കെടുത്തു.

**എന്റെ രചനാലോകങ്ങൾ–ഗോപീകൃഷ്ണൻ**
**2024 ഒക്ടോബർ 3**
**അക്കാദമി വൈലോപ്പിള്ളി ഹാൾ, തൃശ്ശൂർ**

എഴുത്തുകാരുടെ രചനാനുഭവങ്ങൾ പങ്കെവെയ്ക്കുന്നതിന് അക്കാദമി സംഘടിപ്പിക്കുന്ന 'എന്റെ രചനാനുഭവങ്ങൾ' എന്ന ആശയസംവാദപരിപാടിയിൽ കവിയും എഴുത്തുകാരനുമായ പി.എൻ.ഗോപീകൃഷ്ണൻ പങ്കെടുത്തു. സമൂഹത്തിൽ വലിയ മാറ്റങ്ങൾ വരുത്താൻ കവിതയ്ക്ക് കഴിയുമെന്ന് അദ്ദേഹം പറഞ്ഞു. 'എന്റെ ആദ്യത്തെയും അവസാനത്തെയും സ്ത്രീ' എന്ന പേരിലെഴുതിയ സ്വന്തം കവിത മുൻനിർത്തി കവിതയ്ക്കു വിഷയം സ്വീകരിക്കുന്ന രീതി അദ്ദേഹം വിവരിച്ചു. അക്കാദമി പ്രസിഡന്റ് സച്ചിദാനന്ദൻ അധ്യക്ഷത വഹിച്ച സംവാദപരിപാടിയിൽ അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ, കെ.എസ്.സുനിൽകുമാർ തുടങ്ങിയവർ സംസാരിച്ചു.

**68–ാം വാർഷികാഘോഷം–പുരസ്കാര സമർപ്പണം**
**2024 ഒക്ടോബർ 14**
**സാഹിത്യ അക്കാദമി ഓഡിറ്റോറിയം, തൃശ്ശൂർ**

2023-ലെ സാഹിത്യ അക്കാദമി അവാർഡ് ജേതാക്കൾക്കുള്ള പുരസ്കാരസമർപ്പണവും അക്കാദമിയുടെ 68-ാം വാർഷികാഘോഷത്തിന്റെ ഉദ്ഘാടനവും അക്കാദമി ഓഡിറ്റോറിയത്തിൽ പ്രസിഡന്റ് കെ.സച്ചിദാനന്ദൻ നിർവഹിച്ചു. അക്കാദമിയുടെ വിശിഷ്ടാംഗത്വം എം.ആർ.രാഘവവാരിയർ, സി.എൽ.ജോസ് എന്നിവർ, അമ്പതിനായിരം രൂപയും രണ്ടു പവന്റെ സ്വർണ്ണപ്പതക്കവും പ്രശസ്തിപത്രവും പൊന്നാടയും പ്രസിഡന്റിൽനിന്നും സ്വീകരിച്ചു. സമഗ്ര സംഭാവനാപുരസ്കാരങ്ങളായ മുപ്പതിനായിരം രൂപയും സാക്ഷ്യപത്രവും പൊന്നാടയും ഫലകവുമടങ്ങുന്ന ഉപഹാരങ്ങൾ കെ.വി.കുമാരൻ, പ്രേമ ജയകുമാർ, ബക്കളം ദാമോദരൻ, രാജൻ തിരുവോത്ത് എന്നിവരും സ്വീകരിച്ചു.

കല്പറ്റ നാരായണൻ(കവിത-തെരഞ്ഞെടുത്ത കവിതകൾ), ഹരിത സാവിത്രി(നോവൽ-സിൻ), എൻ.രാജൻ(ചെറുകഥ-ഉദയ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ്), ഗിരീഷ് പി.സി. പാലം (നാടകം-ഇ ഫോർ ഈഡിപ്പസ്), ബി.രാജീവൻ (വൈജ്ഞാനികസാഹിത്യം-ഇന്ത്യയുടെ വീണ്ടെടുക്കൽ), കെ.വേണു(ജീവചരിത്രം/ആത്മകഥ-ഒരന്വേഷണത്തിന്റെ കഥ), നന്ദിനിമേനോൻ (യാത്രാവിവരണം-ആംചോ ബസ്തർ), ഡോ. എം.എം.ശ്രീധരൻ(വിവർത്തനം-കഥാകദികെ), ഗ്രേസി(ബാലസാഹിത്യം-പെൺകുട്ടിയും കൂട്ടരും), സുനീഷ് വാരനാട്(ഹാസസാഹിത്യം-'വാര'നാടൻ' കഥകൾ') എന്നിവർ 2023-ലെ കേരള സാഹിത്യ അക്കാദമി അവാർഡുകൾ ഏറ്റുവാങ്ങി.

കെ.സി.നാരായണൻ(സി.ബി.കുമാർ അവാർഡ്: ഉപന്യാസം-മഹാത്മാഗാന്ധിയും മാധവിക്കുട്ടിയും), സുനു എ.വി. (ഗീതാഹിരണ്യൻ അവാർഡ്-ചെറുകഥ-ഇന്ത്യൻ പൂച്ച), ആദി(യുവകവിത അവാർഡ്-പെണ്ണപ്പൻ), ഒ.കെ. സന്തോഷ്(പ്രൊഫ.എം.അച്യുതൻ അവാർഡ്-സാഹിത്യവിമർശനം-അനുഭവങ്ങൾ അടയാളങ്ങൾ) എന്നിവർക്ക് എൻഡോവ്മെന്റ് അവാർഡുകളും, പ്രവീൺ കെ.ടി.-തുഞ്ചൻ സ്മാരക പ്രബന്ധമത്സരസമ്മാനവും(സീത: എഴുത്തച്ഛന്റെയും വാല്മീകിയുടെയും കുമാരനാശാന്റെയും) നൽകി. ആലങ്കോട് ലീലാകൃഷ്ണൻ, എം.കെ.മനോഹരൻ, ഡോ.ആർ. ശ്രീലതാവർമ്മ വി.എസ്.ബിന്ദു എന്നിവർ പുരസ്കാരജേതാക്കളെ പരിചയപ്പെടുത്തി സംസാരിച്ചു.

അക്കാദമി വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ കളക്ടർ അർജ്ജുൻ പാണ്ഡ്യൻ മുഖ്യാതിഥിയായിരുന്നു. കേരള സംഗീത നാടക അക്കാദമി ചെയർമാൻ മട്ടന്നൂർ ശങ്കരൻകുട്ടി, ലളിതകലാ അക്കാദമി ചെയർമാൻ മുരളി ചീരോത്ത്, ഡോ. സി.രാവുണ്ണി, വിജയരാജമല്ലിക തുടങ്ങിയവർ ആശംസകളർപ്പിച്ചു സംസാരിച്ചു. അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ, മാനേജർ മിനി പി.കെ., പ്രോഗ്രാം കോ-ഓഡിനേറ്റർ കെ.എസ്. സുനിൽകുമാർ എന്നിവരും സംസാരിച്ചു.

**എന്റെ രചനാലോകങ്ങൾ–ബെന്യാമിൻ**
**2024 ഒക്ടോബർ 24**
**അക്കാദമി വൈലോപ്പിള്ളി ഹാൾ, തൃശ്ശൂർ**

എഴുത്തുകാരുടെ രചനാനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിന് അക്കാദമി സംഘടിപ്പിക്കുന്ന 'എന്റെ രചനാനുഭവങ്ങൾ' എന്ന ആശയസംവാദപരിപാടിയിൽ ചെറുകഥാകൃത്തും നോവലിസ്റ്റുമായ ബെന്യാമിൻ പങ്കെടുത്തു. ഏറ്റവും കൂടുതൽ ചർച്ചചെയ്യപ്പെട്ട 'ആടുജീവിതം' എഴുതിയത് അതിലെ കേന്ദ്രകഥാപാത്രമായ നജീബിന്റെ ജീവിതം പറയുക എന്ന ലക്ഷ്യത്തോടെയല്ലായിരുന്നുവെന്നും കഥാപാത്രങ്ങൾ സാങ്കല്പികമോ യാഥാർത്ഥ്യമോ ആകട്ടെ, ഒരു സന്ദേശമാണ് അവരിലൂടെ എഴുത്തുകാർ പങ്കുവെയ്ക്കുന്നതെന്നും ബെന്യാമിൻ പറഞ്ഞു. ഏതു കഷ്ടപ്പാടിനപ്പുറത്തും പ്രതീക്ഷയുടെ, സന്തോഷത്തിന്റെ ഒരു ജീവിതമുണ്ടെന്നു പറയാനാണ് നജീബ് എന്ന കഥാപാത്രത്തെ ഉപയോഗപ്പെടുത്തിയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഡോ.ഷംസാദ് ഹുസൈൻ കെ.ടി. അധ്യക്ഷത വഹിച്ച സംവാദപരിപാടിയിൽ അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ, പി.വിനോദ് എന്നിവർ സംസാരിച്ചു.

**ബാലചന്ദ്രൻ വടക്കേടത്ത് അനുസ്മരണം**
**2024 നവംബർ 5**
**അക്കാദമി വൈലോപ്പിള്ളി ഹാൾ, തൃശ്ശൂർ**

പ്രഭാഷകനും സാഹിത്യനിരൂപകനും സാഹിത്യ അക്കാദമിയുടെ മുൻ വൈസ് പ്രസിഡന്റുമായിരുന്ന ബാലചന്ദ്രൻ വടക്കേടത്തിനെ അനുസ്മരിച്ചു. സാഹിത്യവിമർശനത്തിൽ തന്റേതായ പാതയിലൂടെ സഞ്ചരിച്ച വ്യക്തിയായിരുന്നെന്നും, ആശയപരമായ വിയോജിപ്പുകൾ വ്യക്തിബന്ധങ്ങളെ ബാധിക്കേണ്ടതില്ല എന്ന നിലപാടിൽ ഉറച്ചു വിശ്വസിക്കുകയും ചെയ്ത വ്യക്തികൂടിയായിരുന്നു അദ്ദേഹമെന്നും അക്കാദമി വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ പറഞ്ഞു. പ്രൊഫ.പി.വി.കൃഷ്ണൻനായർ, മുൻ എം.പി.ടി.എൻ.പ്രതാപൻ, ഡോ.സരസ്വതി, സ്വാമി വിശ്വഭദ്രാനന്ദശക്തിബോധി, ഡോ.എം.എൻ. വിനയകുമാർ, ഡോ.എൻ.ആർ.ഗ്രാമപ്രകാശ്, സി.എച്ച്.മുഹമ്മദ് റഷീദ് തുടങ്ങിയവർ സംസാരിച്ചു. അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ സ്വാഗതവും ബാലചന്ദ്രൻ വടക്കേടത്ത് അനുസ്മരണസമിതി കൺവീനർ എൻ. ശ്രീകുമാർ നന്ദിയും പറഞ്ഞു.

**സമഗ്രസംഭാവനാപുരസ്കാരം–**
**പി.കെ.ഗോപിക്ക് സമർപ്പണം**
**2024 നവംബർ 8**
**പി.കെ.ഗോപിയുടെ വസതി, മലാപ്പറമ്പ്, കോഴിക്കോട്**

കേരള സാഹിത്യ അക്കാദമിയുടെ 2023-ലെ സമഗ്രസംഭാവനാപുരസ്കാരം പി.കെ.ഗോപിക്ക് അദ്ദേഹത്തിന്റെ വസതിയിൽവെച്ച് സമർപ്പിച്ചു. അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ, വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ, ബിനോയ് വിശ്വം എം.പി., ഡോ.മിനിപ്രസാദ്, എം.കെ.മനോഹരൻ എന്നിവർ പങ്കെടുത്തു.

**കടത്തനാട്ട് മാധവിയമ്മയുടെ സമ്പൂർണ്ണ കൃതികൾ–പ്രകാശനം**
**2024 നവംബർ 8**
**മുനിസിപ്പൽ പാർക്ക്, വടകര**

കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച കടത്തനാട്ട് മാധവിയമ്മയുടെ സമ്പൂർണ്ണകൃതികളുടെ പ്രകാശനം മുനിസിപ്പൽ പാർക്കിൽവെച്ച് നടന്നു. അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ, വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ, കടത്തനാട്ട് നാരായണൻ തുടങ്ങിയവർ പങ്കെടുത്തു സംസാരിച്ചു.

**രാമവർമ്മ അപ്പൻതമ്പുരാൻ അനുസ്മരണം**
**സഹകരണം: അപ്പൻതമ്പുരാൻ സ്മാരക വായനശാല, അയ്യന്തോൾ**
**2024 നവംബർ 19**
**അപ്പൻതമ്പുരാൻ സ്മാരകം, അയ്യന്തോൾ**

അപ്പൻതമ്പുരാൻ ചരമദിനത്തിൽ അയ്യന്തോൾ അപ്പൻതമ്പുരാൻ സ്മാരകത്തിൽ നടന്ന അനുസ്മരണയോഗം അക്കാദമി വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ ഉദ്ഘാടനം നിർവഹിച്ചു. വിജ്ഞാനം ഒരു ന്യൂനപക്ഷത്തിനുമാത്രം ലഭ്യമായിരുന്ന കാലത്ത് അത് എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കാൻ പരിശ്രമിച്ച വ്യക്തിയാണ് അപ്പൻതമ്പുരാനെന്ന് അദ്ദേഹം പറഞ്ഞു. ഒരു കാലഘട്ടത്തിന്റെ ഊർജ്ജമായിരുന്ന വ്യക്തിയുടെ സംഭാവനകളെക്കുറിച്ച് ശരിയായ പഠനം നടക്കുന്നതിനായി അദ്ദേഹത്തിന്റെ പേരിൽ സർവകലാശാലകളിൽ പ്രത്യേക ചെയർ സ്ഥാപിക്കണമെന്നും അദ്ദേഹം പറഞ്ഞു. അയ്യന്തോൾ അപ്പൻതമ്പുരാൻ വായനശാല പ്രസിഡന്റ് എം.ഹരിദാസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ അക്കാദമി ജനറൽ കൗൺസിൽ അംഗങ്ങളായ ആർ.ശ്രീലതാവർമ്മ, എൻ.രാജൻ എന്നിവർ സംസാരിച്ചു. അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ സ്വാഗതവും വായനശാല സെക്രട്ടറി എ.പി.രാജൻ നന്ദിയും പറഞ്ഞു. അക്കാദമി ജീവനക്കാർ, സാഹിത്യ സാംസ്കാരികപ്രവർത്തകർ, പ്രദേശവാസികൾ തുടങ്ങിയവർ സ്മൃതികുടീരത്തിൽ പുഷ്പാർച്ചന നടത്തി.

**മയ്യഴി: ആഖ്യാനവും വ്യാഖ്യാനവും–**
**എം.മുകുന്ദന്റെ മയ്യഴിപ്പുഴയുടെ തീരങ്ങളിൽ അമ്പത് വർഷങ്ങൾ**
**2024 നവംബർ 25**
**ഇ.വത്സരാജ് സിൽവർജൂബിലി ഹാൾ, മയ്യഴി**

എം.മുകുന്ദൻ മയ്യഴിപ്പുഴയുടെ തീരങ്ങളിൽ നോവലിന്റെ അമ്പതാം വാർഷികം 'മയ്യഴി ആഖ്യാനവും വ്യാഖ്യാനവും' എന്ന പേരിൽ മയ്യഴി ഇ.വത്സരാജ് സിൽവർ ജൂബിലി ഹാളിൽ വെച്ച് ബഹു.കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ഉദ്ഘാടനം നിർവഹിച്ചു. ഈ നോവലും സാഹിത്യലോകവും കാലത്തെ കടന്നു മുന്നോട്ടു പോവുകയാണെന്നും സാധാരണക്കാരുടെ ജീവിതം യഥാതഥമായി പ്രതിഫലിപ്പിക്കുന്നതുകൊണ്ടാണ് എം.മുകുന്ദന്റെ കഥാപാത്രങ്ങൾ മലയാളികളുടെ മനക്കണ്ണാടിയിൽ മായാതെ നിൽക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. കേരള സാഹിത്യ അക്കാദമിയുടെ ഉപഹാരവും പ്രശസ്തിപത്രവും മുഖ്യമന്ത്രിയിൽനിന്ന് എം.മുകുന്ദൻ ഏറ്റുവാങ്ങി. രമേഷ് പറമ്പത്ത് എം.എൽ.എ. അധ്യക്ഷനായ ചടങ്ങിൽ അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ, ഡോ.കെ.പി. മോഹനൻ, ഇ.പി.രാജഗോപാലൻ, പ്രിയ എ.എസ്., എം.വി.നികേഷ്കുമാർ എന്നിവർ സംസാരിച്ചു.

പരിപാടിയോടനുബന്ധിച്ച് മയ്യഴി ടാഗോർ പാർക്കിൽ ചിത്രകാരസംഗമം നടത്തി. നോവലിലെ കഥാപാത്രങ്ങളും സന്ദർഭങ്ങളും പരിസരങ്ങളും ആസ്പദമാക്കി നടന്ന ചിത്രരചനയിൽ മുപ്പതോളം ചിത്രകാരന്മാർ പങ്കാളികളായി. ആഘോഷങ്ങളുടെ ഭാഗമായി 'മയ്യഴി: ഭാഷയും ഘടനയും' വിഷയത്തിൽ ഇ.വി.രാമകൃഷ്ണനും, 'മയ്യഴി: മലയാളനോവലിന്റെ വഴിത്തിരിവ്' വിഷയത്തിൽ കെ.വി.സജയും പ്രഭാഷണം നടത്തി. വി.എസ്.ബിന്ദു അധ്യക്ഷതയും എം.കെ.മനോഹരൻ സ്വാഗതവും ഉത്തമരാജ് മാഹി നന്ദിയും പറഞ്ഞു.

**എന്റെ രചനാലോകങ്ങൾ–**
**ആലങ്കോട് ലീലാകൃഷ്ണൻ**
**2024 നവംബർ 28**
**അക്കാദമി വൈലോപ്പിള്ളി ഹാൾ, തൃശ്ശൂർ**

എഴുത്തുകാരുടെ രചനാനുഭവങ്ങൾ വായനക്കാരുമായി പങ്കുവെയ്ക്കുന്നതിന് അക്കാദമി സംഘടിപ്പിക്കുന്ന എന്റെ രചനാലോകങ്ങൾ ആശയസംവാദപരിപാടിയിൽ ആലങ്കോട് ലീലാകൃഷ്ണൻ പങ്കെടുത്തു. വാക്കുകൊണ്ടോ നോക്കുകൊണ്ടോ വിചാരംകൊണ്ടോ എഴുതപ്പെട്ട വരികളെക്കാൾ തന്റെ ജീവിതംകൊണ്ട് ഒരു കവിത രചിക്കുകയാണ് ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. കൊല്ലുന്നവർക്ക് അതിനു നൂറു ന്യായങ്ങളുണ്ടാകും. എന്നാൽ ഒരാളെപ്പോലും കൊല്ലാതിരിക്കാനുള്ള കാരണങ്ങളാണ്

കണ്ടെത്തേണ്ടത്. ഇടതുപക്ഷ സാംസ്കാരിക പ്രവർത്തനവും അതിന്റെ മാനവികതയുമാണ് തന്റെ രാഷ്ട്രീയമെന്നും കക്ഷിരാഷ്ട്രീയത്തിൽ ഇതുവരെ ഉൾപ്പെട്ടിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പതിനൊന്നാം വയസ്സിൽ 'തളിര്' മാസികയിൽ 'തുമ്പിയോട്' എന്ന കവിത അച്ചടിച്ചു വന്നതുമുതൽ അഞ്ചു കാവ്യസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചതുവരെ എത്തിനിൽക്കുന്ന കവിതാജീവിതത്തിന്റെ തുടർച്ചയായി ഒരിക്കൽ താൻ നല്ലൊരു കവിതയെഴുതുമെന്നും അദ്ദേഹം പറഞ്ഞു. കെ.പി.രാമനുണ്ണി അധ്യക്ഷത വഹിച്ച ചടങ്ങിൽ എൻ.ജി.നയനതാര സ്വാഗതവും എം. ഹരിദാസ് നന്ദിയും പറഞ്ഞു.

**എന്റെ വായനാലോകം–എൻ.ഇ.സുധീർ**
**2024 ഡിസംബർ 19**
**അക്കാദമി വൈലോപ്പിള്ളി ഹാൾ, തൃശ്ശൂർ**

കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച എന്റെ വായനാലോകം ആശയസംവാദപരിപാടിയിൽ എൻ.ഇ.സുധീർ  പങ്കെടുത്തു. അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ, വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ, കെ.രമ തുടങ്ങിയവർ പങ്കെടുത്തു.

**എം.ടി. അനുസ്മരണം**
**2024 ഡിസംബർ 30**
**അക്കാദമി ഓഡിറ്റോറിയം, തൃശ്ശൂർ**

അക്കാദമിയുടെ നേതൃത്വത്തിൽ എം.ടി.അനുസ്മരണം നടന്നു. ബഹു.ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ.ആർ.ബിന്ദു, ബഹു.റവന്യൂ, ഭവനനിർമ്മാണവകുപ്പുമന്ത്രി അഡ്വ.കെ.രാജൻ, പി.ബാലചന്ദ്രൻ എം.എൽ.എ., അക്കാദമി പ്രസിഡന്റ് സച്ചിദാനന്ദൻ, വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ, വൈശാഖൻ, കെ.പി.രാമനുണ്ണി, ആലങ്കോട് ലീലാകൃഷ്ണൻ, വി.എസ്.ബിന്ദു, എം.കെ.മനോഹരൻ, രാവുണ്ണി, വിജയരാജമല്ലിക, ഡോ.ആർ.ശ്രീലതാവർമ്മ, എൻ.രാജൻ, ഡോ.കവിത ബാലകൃഷ്ണൻ, ബാലമുരളികൃഷ്ണ, പ്രിയനന്ദനൻ, കരിവെള്ളൂർ മുരളി തുടങ്ങിയവർ എം.ടി.യെ അനുസ്മരിച്ചു.

**എൻ.എൻ.കക്കാട് അനുസ്മരണം**
**2025 ജനുവരി 6**
**എൻ.എൻ.കക്കാട് സ്മാരകം, അവിടനല്ലൂർ**

കേരള സാഹിത്യ അക്കാദമിയുടെ സഹകരണത്തോടെ എൻ.എൻ.കക്കാട് അനുസ്മരണം നടന്നു. ആലങ്കോട് ലീലാകൃഷ്ണൻ, ഡോ.മിനി പ്രസാദ് തുടങ്ങിയവർ പങ്കെടുത്തു സംസാരിച്ചു.

**എഴുത്തച്ഛൻ പുരസ്കാരം–2024**
**2025 ജനുവരി 16**
**സെക്രട്ടറിയറ്റ് ഡർബാർ ഹാൾ, തിരുവനന്തപുരം**

മലയാളത്തിന്റെ മഹാഗുരു തുഞ്ചത്തെഴുത്തച്ഛന്റെ പാവനസ്മരണയ്ക്കായി കേരള സർക്കാരിന്റെ പരമോന്നത ബഹുമതിയായ 2024–ലെ എഴുത്തച്ഛൻ പുരസ്കാരം ബഹു.കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ പുരസ്കാര ജേതാവ് എൻ.എസ്.മാധവന് സമ്മാനിച്ചു. മലയാളഭാഷയ്ക്കും സാഹിത്യത്തിനും മികച്ച സംഭാവനകളർപ്പിച്ച ഗുരുസ്ഥാനീയരായ എഴുത്തുകാരെ ആദരിക്കാൻ കേരള സർക്കാർ 1993–ലാണ് എഴുത്തച്ഛൻ പുരസ്കാരം ഏർപ്പെടുത്തിയത്. എഴുത്തച്ഛൻ പുരസ്കാരം സമ്മാനിക്കുമ്പോൾ ഒരു കാര്യംകൂടി പറയേണ്ടതായിട്ടുണ്ട്. സ്ത്രീപദവിക്കുവേണ്ടി തന്റെ രചനകളിൽ ശബ്ദം ഉയർത്തിയ മഹാനാണ് എഴുത്തച്ഛൻ. ഭാഷാപിതാവിന്റെ പേരിലുള്ള ഈ പുരസ്കാരം വളരെ ഉചിതമായ കൈകളിലാണ് എന്നും എത്തിച്ചേർന്നിട്ടുള്ളത്. ഇത്തവണയും അങ്ങനെത്തന്നെ. ഇത് കേരളീയർക്കാകെ അഭിമാനകരമാണ്. സമകാലികസംഭവങ്ങളോട് സാഹിത്യകാരൻ പ്രതികരിച്ചാൽ അയാൾക്ക് ഹൃദയച്ചുരുക്കം വന്നുപോവുമെന്നൊന്നും എൻ.എസ്.മാധവൻ ഭയന്നില്ല. സാമൂഹ്യപ്രശ്നങ്ങളെ സാഹിത്യത്തിൽ കൈകാര്യം ചെയ്യുന്നതിൽ എഴുത്തച്ഛന്റെ നേർ പിൻമുറക്കാരനാണ് എൻ.എസ്.മാധവനെന്നും മുഖ്യമന്ത്രി സമ്മാനദാനച്ചടങ്ങിൽ പറഞ്ഞു.

ശുദ്ധവും കലർപ്പില്ലാത്തതുമായ ഭാഷ എന്നതിനപ്പുറം എല്ലാത്തിനെയും സ്വീകരിച്ച മലയാളത്തിൽ എഴുതാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്ന് പുരസ്കാരം ഏറ്റുവാങ്ങിയശേഷം എൻ.എസ്.മാധവൻ പറഞ്ഞു. മലയാളസാഹിത്യ

രംഗവും ഭാഷയും അതിവേഗം വളരുകയാണെന്നും സ്ത്രീസാന്നിധ്യം മലയാളസാഹിത്യത്തിൽ സജീവമാകാൻ 20-ാം നൂറ്റാണ്ടുവരെ കാത്തിരിക്കേണ്ടിവന്നുവെങ്കിലും നൂറുകണക്കിന് എഴുത്തുകാരികൾ ഉറച്ച ശബ്ദങ്ങളായി മലയാളസാഹിത്യരംഗത്ത് സജീവമായതിൽ അഭിമാനിക്കുന്നതായും അദ്ദേഹം പറഞ്ഞു. സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ നടന്ന പരിപാടിയിൽ സാംസ്കാരികവകുപ്പുമന്ത്രി ശ്രീ.സജി ചെറിയാൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ പ്രശസ്തിപത്രം വായിച്ചു. അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ, ആന്റണി രാജു എം.എൽ.എ., സാംസ്കാരികവകുപ്പു ഡയറക്ടർ ദിവ്യ എസ്.അയ്യർ തുടങ്ങിയവർ സംസാരിച്ചു.

**സുകുമാർ അഴീക്കോട് സ്മാരകപ്രഭാഷണം**
**2025 ജനുവരി 23**
**സാഹിത്യ അക്കാദമി ഓഡിറ്റോറിയം തൃശ്ശൂർ**

കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച ഡോ.സുകുമാർ അഴീക്കോട് സ്മാരകപ്രഭാഷണം ഡോ.സുനിൽ പി.ഇളയിടം നിർവഹിച്ചു. അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ, വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ, വി.എസ്.ബിന്ദു തുടങ്ങിയവർ പങ്കെടുത്തു സംസാരിച്ചു.

**സുകുമാർ അഴീക്കോട് അനുസ്മരണം, പുഷ്പാർച്ചന**
**2025 ജനുവരി 24**
**ഡോ.സുകുമാർ അഴീക്കോട് സ്മാരകം, എരവിമംഗലം, തൃശ്ശൂർ**

എരവിമംഗലത്ത് ഡോ.സുകുമാർ അഴീക്കോട് സ്മാരകത്തിൽ പുഷ്പാർച്ചനയും അനുസ്മരണയോഗവും നടന്നു. അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ, ബഹു.റവന്യൂ വകുപ്പു മന്ത്രി അഡ്വ.കെ.രാജൻ, ശ്രീവിദ്യ രാജേഷ്, ഡോ.പി.വി.കൃഷ്ണൻനായർ, കെ.ജെ.ജയൻ, അഡ്വ.പി.ആർ.രജിത്ത്, ടി.കെ.അമൽറാം, നടുവം സത്യൻ തുടങ്ങിയവർ പങ്കെടുത്തു.

**വി.കെ.എൻ. അനുസ്മരണം**
**2025 ജനുവരി 25**
**വി.കെ.എൻ.സ്മാരകം, തിരുവില്വാമല**

തിരുവില്വാമല വി.കെ.എൻ.സ്മാരകത്തിൽ നടന്ന വി.കെ.എൻ. അനുസ്മരണച്ചടങ്ങിൽ സാഹിത്യ അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ അധ്യക്ഷത വഹിച്ചു. യു.ആർ.പ്രദീപ് എം.എൽ.എ., കെ.രാധാകൃഷ്ണൻ എം.പി., ദീപ എസ്.നായർ, സിന്ധു സുരേഷ്, കെ.ബാലകൃഷ്ണൻ, വി.കെ.കെ.രമേഷ്, എൻ.രാംകുമാർ, കെ.ആർ.മനോജ്കുമാർ തുടങ്ങിയവർ പങ്കെടുത്തു സംസാരിച്ചു.

**നിരൂപണ സാഹിത്യ ശില്പശാല**
**2025 ഫെബ്രുവരി 1, 2, 3 ഒ.വി.വിജയൻ സ്മാരകം, തസ്രാക്ക്, പാലക്കാട്**

നിരൂപണ സാഹിത്യശില്പശാല സുനിൽ പി. ഇളയിടം ഉദ്ഘാടനം ചെയ്തു. അശോകൻ ചരുവിൽ അധ്യക്ഷനായ ഉദ്ഘാടനസമ്മേളനത്തിൽ സി.പി.അബൂബക്കർ, ടി.ആർ.അജയൻ തുടങ്ങിയവർ പങ്കെടുത്തു. മുപ്പത് യുവപ്രതിഭകൾ പങ്കെടുത്ത ശില്പശാലയിൽ നിരൂപണസാഹിത്യത്തിലെ വിവിധ മേഖലകളിൽ കെ.വി.സജയ്, ജി. ഉഷാകുമാരി, ഡോ.കെ.എം.ഭരതൻ, റഫീക് ഇബ്രാഹിം, ജി.പി.രാമചന്ദ്രൻ, ഡോ.കെ.പി. മോഹനൻ, സി.പി.ചിത്രഭാനു, പി.ആർ.ജയശീലൻ, മനോജ് വീട്ടിക്കാട്, പി.മുരളീധരൻ, ഇ.പി. രാജഗോപാലൻ, ഡോ.കെ.കെ.ശിവദാസ്, ഡോ. കെ.എം.അനിൽ, സോണിയ ഇ.പ., ഡോ.എൻ. അജയകുമാർ, വിജു നായരങ്ങാടി, രഘുനാഥൻ പറളി, ഡോ.ഇ.എം.സുരജ, കെ.സി.നാരായണൻ, ജിഷ ചാലിൽ, രാഹേഷ് മുതുതല, രാജേഷ് മേനോൻ, വി.എസ്.ബിന്ദു, ഡോ.മിനി പ്രസാദ്, ഡോ.ആർ.ശ്രീലതാവർമ്മ, കെ.ഇ.എൻ. തുടങ്ങിയവർ സംസാരിച്ചു. മഹാഗുരു നാടകവും അരങ്ങേറി.

**എന്റെ രചനാലോകങ്ങൾ-രാവുണ്ണി**
**2025 ഫെബ്രുവരി 20**
**അക്കാദമി വൈലോപ്പിള്ളി ഹാൾ, തൃശ്ശൂർ**

എഴുത്തുകാരുടെ രചനാനുഭവങ്ങൾ വായനക്കാരുമായി പങ്കുവെയ്ക്കുന്നതിന് അക്കാദമി സംഘടിപ്പിക്കുന്ന എന്റെ രചനാലോകങ്ങൾ

ആശയസംവാദപരിപാടിയിൽ രാവുണ്ണി പങ്കെടുത്തു. അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ, ഇ.പി.രാജഗോപാലൻ, ഡോ.ആർ.ശ്രീലതാവർമ്മ തുടങ്ങിയവർ പങ്കെടുത്തു.

**പ്രണാമം എം.ടി.-തുഞ്ചൻ ഉത്സവം-2025**
**2025 മാർച്ച് 2**
**തുഞ്ചൻപറമ്പ്, തിരൂർ**

പ്രണാമം എം.ടി.-തുഞ്ചൻ ഉത്സവം 2025-ൽ എം.ടി.മുഖങ്ങളും മാനങ്ങളും സെമിനാറിൽ സെഷൻ 1-ൽ അക്കാദമി വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ, ആലങ്കോട് ലീലാകൃഷ്ണൻ, ബെന്യാമിൻ, ജി.പി.രാമചന്ദ്രൻ എന്നിവരും സെഷൻ 2-ൽ ഷീജ വക്കം, കെ.രേഖ, കെ.വി.സജയ് എന്നിവരും പങ്കെടുത്ത് സംസാരിച്ചു.

**എന്റെ രചനാലോകങ്ങൾ-ചന്ദ്രമതി**
**2025 മാർച്ച് 11**
**സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം**

എഴുത്തുകാരുടെ രചനാനുഭവങ്ങൾ വായനക്കാരുമായി പങ്കുവെക്കുന്നതിന് അക്കാദമി സംഘടിപ്പിക്കുന്ന എന്റെ രചനാലോകങ്ങൾ ആശയസംവാദപരിപാടിയിൽ ചന്ദ്രമതി പങ്കെടുത്തു. അക്കാദമി നിർവാഹകസമിതി അംഗം വി.എസ്.ബിന്ദു, സ്റ്റേറ്റ് സെൻട്രൽ ലൈബ്രേറിയൻ ശോഭന പി.കെ, ഡോ.കെ.എസ്.രവികുമാർ, കെ.എസ്.സുനിൽകുമാർ എന്നിവർ പങ്കെടുത്തു.

**കുഞ്ഞുണ്ണിമാഷ് അനുസ്മരണം**
**2025 മാർച്ച് 26**
**കുഞ്ഞുണ്ണിമാഷ് സ്മാരകം, വലപ്പാട്**

സാഹിത്യ അക്കാദമി സംഘടിപ്പിച്ച കുഞ്ഞുണ്ണിമാഷ് അനുസ്മരണം കുഞ്ഞുണ്ണിമാഷ് സ്മാരകത്തിൽവെച്ചു നടന്നു. അക്കാദമി സെക്രട്ടറി സി.പി.അബൂബക്കർ, അക്കാദമി വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ, സി.സി. മുകുന്ദൻ എം.എൽ.എ., പി.പി.രാമചന്ദ്രൻ എന്നിവർ സംസാരിച്ചു.

**വിക്ടർ ഹ്യൂഗോവിന്റെ പാവങ്ങൾ വിവർത്തനത്തിന്റെ നൂറാം വാർഷികാഘോഷം**
**പാവങ്ങൾ വായിച്ച കേരളം**
**2025 മാർച്ച് 28 വെള്ളി, കേരള സാഹിത്യ അക്കാദമി ഓഡിറ്റോറിയം, തൃശ്ശൂർ**

സാഹിത്യ അക്കാദമി സംഘടിപ്പിച്ച വിക്ടർ ഹ്യൂഗോവിന്റെ പാവങ്ങളുടെ വിവർത്തനത്തിന്റെ നൂറാം വാർഷികാഘോഷം ബഹു. ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതിവകുപ്പുമന്ത്രി ഡോ.ആർ.ബിന്ദു ഉദ്ഘാടനം നിർവഹിച്ചു. അക്കാദമി പ്രസിഡന്റ് സച്ചിദാനന്ദൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ പാവങ്ങൾ വായിച്ച കേരളം എന്ന വിഷയത്തിൽ കെ.ഇ.എൻ.പ്രഭാഷണം നിർവഹിച്ചു. സി.പി.അബൂബക്കർ, വിജയരാജമല്ലിക എന്നിവർ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് നടന്ന സെമിനാറിൽ ഡോ.എസ്.കെ.വസന്തൻ, അശോകൻ ചരുവിൽ, എം.എം.നാരായണൻ, ഡോ. ബിലു സി.നാരായണൻ എന്നിവർ സംസാരിച്ചു.

# ലളിതാംബിക അന്തർജ്ജനം സ്മാരകഗ്രന്ഥാലയം
# കേരള സാഹിത്യ അക്കാദമി ലൈബ്രറി

മലയാളഗ്രന്ഥങ്ങളുടെ ഏറ്റവും പ്രധാന ലൈബ്രറികളിൽ ഒന്നാണ് ലളിതാംബിക അന്തർജ്ജന സ്മാരകഗ്രന്ഥാലയം എന്ന അക്കാദമി ലൈബ്രറി. മറ്റെങ്ങും ലഭ്യമല്ലാത്ത അമൂല്യമായ ഗ്രന്ഥശേഖരം ഈ ലൈബ്രറിയിൽ ലഭ്യമാണ്. കേരളത്തിലെ മുഴുവൻ യൂണിവേഴ്സിറ്റികളും ഗവേഷണകേന്ദ്രമായി അംഗീകരിച്ചിട്ടുള്ള അക്കാദമി ലൈബ്രറി മലയാളത്തിൽ ഗവേഷണം നടത്തുന്നവരുടെ ഏക ആശ്രയമാണ്. കേരളത്തിനകത്തും പുറത്തുനിന്നുമായി നിരവധി ഗവേഷകർ, പ്രൊഫസർമാർ, അധ്യാപകർ, പത്രം, ദൂരദർശൻ, റേഡിയോ, സ്വകാര്യചാനലുകൾ തുടങ്ങിയവയിലെ പ്രവർത്തകർ, സാംസ്കാരികനായകന്മാർ, സാംസ്കാരികരംഗത്തെ പ്രമുഖ വ്യക്തികൾ തുടങ്ങി സാധാരണ ഗ്രാമീണർവരെ റഫറൻസിനായി അക്കാദമി ലൈബ്രറിയിൽ ദിവസേന വന്നുകൊണ്ടിരിക്കുന്നു. പുസ്തകങ്ങളും പുസ്തകേതരഗ്രന്ഥങ്ങളും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന അക്കാദമി ലൈബ്രറിയിൽ ഗവേഷണത്തിനും റഫറൻസിനും എത്തുന്നവരുടെ വർദ്ധനവ് വളരെ ശ്രദ്ധേയമാണ്. ശ്രേഷ്ഠഭാഷാപദവിയിൽ മലയാളപഠനവും ഗവേഷണവും കൂടുതൽ പ്രാധാന്യം നേടിയതോടെ അക്കാദമി ലൈബ്രറിയുടെ പ്രാധാന്യം വർദ്ധിച്ചിട്ടുണ്ട്. ഇന്റർനെറ്റ്, ഇ-മെയിൽ, ടെലഫോൺ എന്നിവ മുഖേനയുള്ള നിരവധി അന്വേഷണങ്ങൾക്ക് ദിനംപ്രതി മറുപടി കൊടുത്തുകൊണ്ടിരിക്കുന്നതും എടുത്തുപറയേണ്ടതാണ്.

**ഗവേഷണകേന്ദ്രം**

അക്കാദമി കേന്ദ്രമാക്കി പന്ത്രണ്ട് പേർ ഇവിടെ ഗവേഷണം നടത്തുന്നുണ്ട്. 2024–2025 വർഷത്തിൽ മറ്റ് ലൈബ്രറികൾ കേന്ദ്രമാക്കി ഗവേഷണം നടത്തുന്നവരും ബിരുദാനന്തര വിദ്യാർത്ഥികളും ഉൾപ്പെടെ 572 പേർ ഇവിടെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഗവേഷകരുടെ പ്രതിമാസ റിപ്പോർട്ട്, സ്കോളർഷിപ്പ് ബിൽ എന്നിവ യൂണിവേഴ്സിറ്റികളിലേക്ക് അയച്ച് യു.ജി.സി.യിൽനിന്നും യൂണിവേഴ്സിറ്റികളിൽനിന്നും പട്ടികജാതി/പട്ടികവർഗ വകുപ്പിൽനിന്നും സ്കോളർഷിപ്പ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനുവേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുന്നു. ഗവേഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നിർദ്ദേശവും സഹായവും നൽകുന്നു. അക്കാദമിയിൽ എം.പി.പോൾ പഠനഗവേഷണകേന്ദ്രവും പ്രവർത്തിച്ചുവരുന്നു.

**മലയാളപുസ്തകങ്ങളുടെ ഡെപ്പോസിറ്ററി ലൈബ്രറി**

ഇന്ത്യയുടെ ദേശീയ ഗ്രന്ഥശാലയായ കൽക്കട്ട നാഷണൽ ലൈബ്രറിക്കു തുല്യമായി കേരളത്തിലുള്ള മലയാളപുസ്തകങ്ങളുടെ ഡെപ്പോസിറ്ററി ലൈബ്രറിയാണ് കേരള സാഹിത്യഅക്കാദമി ലൈബ്രറി. മലയാളത്തിൽ പ്രസിദ്ധീകരിച്ച ഒട്ടുമിക്ക പുസ്തകങ്ങളുടെയും നിക്ഷേപകേന്ദ്രമാണ് ഈ ലൈബ്രറി.

അക്കാദമി ലൈബ്രറിയിൽ 2024–2025 വർഷത്തിൽ 2727 പുസ്തകങ്ങൾ വാങ്ങിയതും സൗജന്യമായും ലഭിച്ചിട്ടുണ്ട്.മലയാളപുസ്തകങ്ങൾ 62 വിഷയങ്ങളായിട്ടാണ് വർഗീകരണം നടത്തിയിരിക്കുന്നത്. അക്കാദമി ലൈബ്രറിക്കായിട്ടുള്ള വർഗീകരണമാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. ലൈബ്രറിയിലെ പ്രത്യേകശേഖരങ്ങളായ രാമവർമ്മ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ശേഖരം, കൃഷ്ണകല്യാണി ശേഖരം, കെ. സുകുമാരൻ മെമ്മോറിയൽ ശേഖരം, വിലാസിനി ശേഖരം, മലയാളഭാഷാപരിഷ്കരണ കമ്മിറ്റി ശേഖരം, പ്രൊഫ.വി.അരവിന്ദാക്ഷൻ ശേഖരം തുടങ്ങിയവയ്ക്കു പുറമെ അപ്പൻ തമ്പുരാൻ സ്മാരകത്തിൽനിന്നും കൊണ്ടുവന്ന പി.എ.മേനോൻ, ആറ്റൂർ കൃഷ്ണപിഷാരടി, പ്രൊഫ.ജോസഫ് മുണ്ടശ്ശേരി, ടി.എം.ചുമ്മാർ, ജി.കുമാരപിള്ള, കേരളവർമ്മ വലിയകോയിത്തമ്പുരാൻ, പുത്തൻകാവ് മാത്തൻ തരകൻ, കെ.എം.ശേഖരം, സി.എൽ. ആന്റണി, കുറ്റിപ്പുഴ

കൃഷ്ണപിള്ള, കുഞ്ഞുണ്ണിരാജ, വടക്കേ ഇളമന ഹരി എന്നീ ശേഖരങ്ങളിലെ പുസ്തകങ്ങളും റഫറൻസിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. മലയാളപുസ്തകങ്ങൾക്കുപുറമെ ഇംഗ്ലീഷ് പുസ്തകങ്ങളും ഉണ്ട്. ഇവ ഡ്യൂയി ഡെസിമൽ ക്ലാസിഫിക്കേഷൻ സ്കീം അനുസരിച്ച് വർഗീകരണം നടത്തി പ്രത്യേകമായി മാറ്റിവെച്ചിരിക്കുന്നു. അക്കാദമിയിൽ റഫറൻസിനായി എത്തുന്നവർക്കുവേണ്ടി 17 ദിനപത്രങ്ങളും നൂറ്റിപതിനഞ്ചോളം ആനുകാലികങ്ങളും അക്കാദമിയിൽ ലഭ്യമായിട്ടുണ്ട്.

### ഡിജിറ്റൽ ലൈബ്രറി

സാംസ്കാരികകേരളത്തിനും കേരളസാഹിത്യ അക്കാദമിക്കും മലയാളത്തിനാകെയും അഭിമാനാർഹമായ രീതിയിൽ മലയാളത്തിലെ അപൂർവ്വ ഡോക്യുമെന്റുകൾ ഡിജിറ്റൈസ് ചെയ്ത് ലോക്കൽ നെറ്റ്‌വർക്ക്, ഇന്റർനെറ്റ്, ഇ-ബുക്ക് എന്നിവ മുഖേന അസംഖ്യം വായനക്കാർക്കും ഗവേഷകർക്കും ലഭ്യമാക്കികൊണ്ടിരിക്കുന്നു. ആധുനിക സാങ്കേതികവിദ്യകൾ ഇത്തരത്തിൽ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നു. പ്രാചീനവും ചരിത്രപാധാന്യമുള്ളതും അപൂർവ്വവും മൂല്യവത്തുമായ പുസ്തകങ്ങൾ ഡിജിറ്റൽ ചെയ്ത് വരുംതലമുറയ്ക്ക് സുരക്ഷിതമായി കൈമാറുന്നതിനും പുതിയ പുസ്തകം പോലെ ഉപയോഗിക്കുന്നതിനും ആവശ്യമായ ആധുനിക സജ്ജീകരണങ്ങൾ എല്ലാം ഒരുക്കികൊണ്ട് ഡിജിറ്റൽ കൺസർവേഷൻ ലാബ് അക്കാദമിയുടെ സുവർണ്ണജൂബിലി മന്ദിരത്തിൽ സെറ്റ് ചെയ്തു. കാലപ്പഴക്കംകൊണ്ട് ഉപയോഗിക്കാൻ കഴിയാത്ത ഗ്രന്ഥങ്ങളുടെ ഏടുകൾ യാതൊരു കേടുംകൂടാതെ ആർക്കൈവൽ സ്കാനർ ഉപയോഗിച്ച് സവിശേഷമായ രീതിയിൽ സ്കാൻ ചെയ്തുവരുന്നു. സ്കാനിംഗ് ജോലികൾ കഴിഞ്ഞ് ഡിസൈൻ വർക്കുകൾ പൂർത്തീകരിച്ചപുസ്തകങ്ങൾ പി.ഡി.എഫ്. ഫോർമാറ്റിലാക്കി സെർവറിൽ സൂക്ഷിക്കുന്നു. ഇതുവരെ 17,658-ഓളം പുസ്തകങ്ങൾ സ്കാനിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. കോപ്പിറൈറ്റ് പരിധി കഴിഞ്ഞ 3,142 പുസ്തകങ്ങൾ വായിക്കാനും ഡൗൺലോഡ് ചെയ്യാനും കഴിയുന്ന രീതിയിൽ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. കോപ്പിറൈറ്റ് പരിധി കഴിയാത്ത പുസ്തകങ്ങൾ ഓഫ് ലൈനായി ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. അക്കാദമിയുടെ സ്വന്തമായുള്ള മുഴുവൻ ആൽബങ്ങളും ഡിജിറ്റൈസ് ചെയ്യുക വഴി 13,000-ത്തിൽപ്പരം ചിത്രങ്ങൾ സംരക്ഷിച്ചുവയ്ക്കുവാൻ സാധിച്ചു. കൂടാതെ കാലപ്പഴക്കം ചെന്നതും അമൂല്യവുമായ താളിയോലഗ്രന്ഥങ്ങളുടെ ഡിജിറ്റൈസേഷനും പൂർത്തിയാക്കിയിട്ടുണ്ട്. പ്രത്യേകശേഖരങ്ങൾ എന്ന നിലയിലാണ് കെ.ഭാസ്ക്കരൻനായർ ശേഖരം, കുമാരനാശാൻ ശേഖരം, ചങ്ങമ്പുഴ ശേഖരം, വള്ളത്തോൾ ശേഖരം, ഉള്ളൂർ എസ്.പരമേശ്വരയ്യർ ശേഖരം, കൊട്ടാരത്തിൽ ശങ്കുണ്ണി ശേഖരം, കുഞ്ചൻനമ്പ്യാർ ശേഖരം, സി.വി.രാമൻപിള്ള ശേഖരം എന്നിവ വെബ്സൈറ്റിൽ ലഭ്യമാക്കിയിരിക്കുന്നത്. കൂടാതെ മലയാളഗ്രന്ഥസൂചിയുടെ 9 വാല്യങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. ലോകത്തിന്റെ ഏത് കോണിലിരുന്നും അക്കാദമിയുടെ വെബ്സൈറ്റ് ഉപയോഗിച്ച് പുസ്തകങ്ങൾ വായിക്കാനും ഡൗൺലോഡ് ചെയ്യാനും സാധിക്കും.

ലൈബ്രറി രംഗത്ത് ഒട്ടേറെ സാധ്യതകളുമായി അക്കാദമി വികസിപ്പിച്ചെടുത്ത കൈരളി സോഫ്റ്റ് വെയറിൽ അച്ചടിയുടെ ആരംഭം മുതൽ 2000-മാണ്ടുവരെ മലയാളത്തിൽ പ്രസിദ്ധീകരിച്ച മുഴുവൻ പുസ്തകങ്ങളുടെയും ഗ്രന്ഥസൂചി ലഭ്യമാണ്. കമ്പ്യൂട്ടറിന്റെ സഹായത്തോടെ മലയാള അക്ഷരങ്ങൾ സോർട്ട് ചെയ്യാൻ കഴിയാവുന്ന രീതിയിൽ സർച്ച് എഞ്ചിനോടുകൂടിയ ഗ്രന്ഥസൂചി മലയാളികൾക്ക് വലിയൊരനുഗ്രഹമാണ്.

### മലയാളഗ്രന്ഥസൂചി

മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള മുഴുവൻ പുസ്തകങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മലയാളഗ്രന്ഥസൂചി അക്കാദമിയുടെ ഒരു മഹാസംരംഭമാണ്. അച്ചടിയുടെ ആരംഭം മുതൽ മലയാളഭാഷയിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള വിവരങ്ങൾ ഗ്രന്ഥസൂചിയിൽ ലഭ്യമാക്കിയിട്ടുണ്ട്. ഒമ്പത് വാല്യങ്ങളുടെ ഗ്രന്ഥസൂചി അക്കാദമി ഇതിനോടൊപ്പം പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ഒമ്പതാം വാല്യത്തിനു ശേഷം 2006 മുതലുള്ള പുസ്തകങ്ങളുടെ വിവരങ്ങൾ കോഹ സോഫ്റ്റ്‌വെയറിലൂടെ ജോലികൾ പൂർത്തീകരിച്ച് വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

**ലൈബ്രറി ആർക്കൈവ്സ്**

അക്കാദമിയുടെ ആർക്കൈവ്സിൽ 1950-നുമുമ്പ് പ്രസിദ്ധീകരിച്ച മലയാളപുസ്തകങ്ങൾ, മൈക്രോഫിലിമിലാക്കി സൂക്ഷിച്ചിരിക്കുന്ന മൈക്രോഫിലിം ലൈബ്രറി, സാംസ്കാരിക നായകരുടെ ശബ്ദം റെക്കോഡ് ചെയ്ത 742 ഓഡിയോ കാസറ്റുകളിലായി സൂക്ഷിച്ചിട്ടുള്ള ഓഡിയോ കാസറ്റ് ലൈബ്രറി എന്നിവയുണ്ട്. ഓഡിയോ കാസറ്റുകൾ മുഴുവനായി ഡിജിറ്റൽ ഫോമിലാക്കി സി.ഡി.കളിൽ സൂക്ഷിച്ചിരിക്കുന്നു. 1235 വീഡിയോ സി.ഡി.കളും 367 ഫോട്ടോ സി.ഡി.കളും ഡി.വി.ഡി.കളും ലൈബ്രറിയിൽ സൂക്ഷിച്ചുവരുന്നു. താളിയോലഗ്രന്ഥങ്ങളുടെ ഒരപൂർവ്വശേഖരം അക്കാദമി ആർക്കൈവ്സിൽ പ്രത്യേകം സംരക്ഷിക്കുന്നതിനൊപ്പം ഇതിന്റെ വിവരണാത്മകഗ്രന്ഥസൂചിയും തയ്യാറാക്കിയിട്ടുണ്ട്.

ആർക്കൈവ്സിൽ സൂക്ഷിച്ചിട്ടുള്ള ഈ അപൂർവ്വരേഖകൾ ഡിജിറ്റൽ ലൈബ്രറിയിലാക്കി സംരക്ഷിക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനുമുള്ള കാര്യങ്ങൾ പ്രോജക്ട് വഴി നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

**അപ്രന്റീസ് ട്രെയിനിംഗ്**

കേരള സാഹിത്യഅക്കാദമി ലൈബ്രറിയിൽ ലൈബ്രറിസയൻസ് ബിരുദധാരികൾക്കുള്ള അപ്രന്റീസ് ട്രെയിനിംഗ് നൽകുന്നുണ്ട്. ഇവിടെ ഇപ്പോൾ രണ്ടുപേർ ട്രെയിനികളായി ജോലി ചെയ്തുവരുന്നു.

ലൈബ്രറിയിൽ ഗവേഷണം നടത്തുന്നവരുടെ എണ്ണവും മറ്റു ലൈബ്രറി ഉപയോക്താക്കളുടെ എണ്ണവും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ലൈബ്രറിയിൽ പുസ്തകങ്ങളും പുസ്തകേതര ഡോക്യുമെന്റുകളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ലൈബ്രറിയുടെ ഗവേഷണവിഭാഗം പൂർണ്ണമായും സുവർണ്ണജൂബിലി മന്ദിരത്തിലാണ് പ്രവർത്തിക്കുന്നത്.

# അപ്പൻതമ്പുരാൻ സ്മാരകം

കൊച്ചി രാജവംശത്തിലെ കൈരളീ വിധേയൻ രാമവർമ്മ അപ്പൻതമ്പുരാന്റെ സ്മരണകൾ നിറഞ്ഞ അപ്പൻതമ്പുരാൻ സ്മാരകം സാഹിത്യകാരമ്യൂസിയമായി പ്രവർത്തിച്ചുവരുന്നു. ഇതിനോടനുബന്ധിച്ച് ഒരു ആനുകാലിക ലൈബ്രറിയും പ്രവർത്തിക്കുന്നു. അപ്പൻതമ്പുരാന്റെ കൃതികൾ, ഫോട്ടോശേഖരം, കേരള ചരിത്ര നിർമ്മാണത്തിനായി സ്വയം വരച്ച മാപ്പുകൾ, അവ വരയ്ക്കാനുപയോഗിച്ച പെന്റോഗ്രാഫ് (സ്വയം നിർമ്മിതം), ഡയറി, പഴഞ്ചൊല്ലുകളുടെ ശേഖരണം, രാജകീയ വസ്ത്രങ്ങൾ എന്നിവ ഇവിടെ സാംസ്കാരികത്തനിമ നിലനിർത്തി സൂക്ഷിച്ചുവരുന്നു.

ജോസഫ് മുണ്ടശ്ശേരി, കുറ്റിപ്പുഴ കൃഷ്ണപിള്ള, പുത്തൻകാവ് മാത്തൻ തരകൻ, ജി.കുമാരപിള്ള, വിലാസിനി എന്നിവരുടെ സ്വകാര്യ ശേഖരങ്ങളും സ്മാരകത്തിൽ സൂക്ഷിച്ചുവരുന്നു. മൺമറഞ്ഞ പ്രഗല്ഭരായ സാഹിത്യകാരന്മാരുടെ കൈപ്പടകൾ ശേഖരിച്ചു സൂക്ഷിച്ചുവെയ്ക്കുന്ന ജോലിയും തുടർന്നുവരുന്നു. ഈ വർഷം 113 പേർ സ്മാരകം സന്ദർശിക്കുകയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സന്ദർശകരജിസ്റ്ററിൽ കുറിച്ചിടുകയും ചെയ്തിട്ടുണ്ട്.

മലയാളത്തിൽ ഇറങ്ങുന്ന ഒട്ടുമിക്ക ആനുകാലികങ്ങളും ഇവിടെ ബൈൻഡുചെയ്ത് സൂക്ഷിച്ചുവരുന്നു. കൂടാതെ വിശേഷാൽ പതിപ്പുകൾ, സ്മരണികകൾ, കേരളാഗസറ്റുകൾ എന്നിവയുടെ ശേഖരവും ഉണ്ട്. ഇപ്പോൾ മാസികാശേഖരത്തിൽ 12393 ബൗണ്ട് വാല്യം മാസികകളുണ്ട്. ഇവ കൂടാതെ കാറളം ബാലകൃഷ്ണൻ, സക്കറിയ, ജി.കുമാരപിള്ള എന്നിവരുടെ മാസികാശേഖരങ്ങളിലായി 1600-ൽ അധികം ബൗണ്ട് വാല്യം മാസികകൾ വേറെയുമുണ്ട്.

ആനുകാലികങ്ങൾ സ്കാൻ ചെയ്ത് പ്രിന്റ് എടുത്തുവെക്കുകയും വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്യുന്നു. ഈ വർഷം 688 പേർ ലൈബ്രറി റഫറൻസിനായി ഉപയോഗിച്ചിട്ടുണ്ട്. അക്കാദമി പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ വില്പനയും നടന്നുവരുന്നു. അപ്പൻതമ്പുരാന്റെ ചരമദിനമായ നവംബർ 19-ന് സ്മൃതിമണ്ഡപത്തിൽ പുഷ്പാർച്ചനയും അനുസ്മരണസമ്മേളനവും നടത്തുകയുണ്ടായി.

# സാഹിത്യ അക്കാദമി അവാർഡുകൾ

**വിശിഷ്ടാംഗത്വം**

1. **പ്രൊഫ.കെ.വി.രാമകൃഷ്ണൻ**
2. **ശ്രീ.ഏഴാച്ചേരി രാമചന്ദ്രൻ**

(50,000 രൂപയും രണ്ടു പവന്റെ സ്വർണ്ണപ്പതക്കവും പ്രശസ്തിപത്രവും പൊന്നാടയും ഫലകവുമാണ് പുരസ്കാരം.)

**സമഗ്രസംഭാവനാപുരസ്കാരം**

1. **ശ്രീ.പി.കെ.എൻ.പണിക്കർ**
2. **ശ്രീ.പയ്യന്നൂർ കുഞ്ഞിരാമൻ**
3. **ശ്രീ.എം.എം.നാരായണൻ**
4. **ശ്രീ.ടി.കെ.ഗംഗാധരൻ**
5. **ശ്രീ.കെ.ഇ.എൻ.**
6. **ശ്രീമതി മല്ലികാ യൂനിസ്**

(30,000 രൂപയും സാക്ഷ്യപത്രവും പൊന്നാടയും ഫലകവുമാണ് പുരസ്കാരം.)

**അക്കാദമി അവാർഡുകൾ**

(25,000 രൂപയും സാക്ഷ്യപത്രവും ഫലകവുമാണ് പുരസ്കാരം.)

| | | | |
|---|---|---|---|
| 1. | **കവിത** | മുരിങ്ങ വാഴ കറിവേപ്പ് | **അനിത തമ്പി** |
| 2. | **നോവൽ** | ആനോ | **ജി.ആർ.ഇന്ദുഗോപൻ** |
| 3. | **ചെറുകഥ** | ഗരിസപ്പാ അരുവി അഥവാ ഒരു ജലയാത്ര | **വി.ഷിനിലാൽ** |
| 4. | **നാടകം** | പിത്തളശലഭം | **ശശിധരൻ നടുവിൽ** |
| 5. | **സാഹിത്യവിമർശനം** | രാമായണത്തിന്റെ ചരിത്രസഞ്ചാരങ്ങൾ | **ജി.ദിലീപൻ** |
| 6. | **വൈജ്ഞാനികസാഹിത്യം** | നിർമ്മിതബുദ്ധികാലത്തെ സാമൂഹികരാഷ്ട്രീയ ജീവിതം | **ദീപക് പി.** |
| 7. | **ജീവചരിത്രം/ആത്മകഥ** | ഞാൻ എന്ന ഭാവം | **ഡോ.കെ.രാജശേഖരൻനായർ** |
| 8. | **യാത്രാവിവരണം** | ആരോഹണം ഹിമാലയം | **കെ.ആർ.അജയൻ** |
| 9. | **വിവർത്തനം** | എന്റെ രാജ്യം എന്റെ ശരീരം (ജിയോ കോൻഡ ബെല്ലി) | **ചിഞ്ചുപ്രകാശ്** |

| | | |
|---|---|---|
| 10. **ബാലസാഹിത്യം** | അമ്മമണമുള്ള കനിവുകൾ | **ഇ.എൻ.ഷീജ** |
| 13. **ഹാസസാഹിത്യം** | കേരളത്തിന്റെ മൈദാത്മകത (വറുത്തരച്ച ചരിത്രത്തോടൊപ്പം) | **നിരഞ്ജൻ** |

## അക്കാദമി എൻഡോവ്മെന്റ് അവാർഡുകൾ

1. **സി.ബി.കുമാർ അവാർഡ്** - ഉപന്യാസം (10,000 രൂപ)
   പൂക്കളുടെ പുസ്തകം **എം.സ്വരാജ്**

2. **കുറ്റിപ്പുഴ അവാർഡ്**-സാഹിത്യവിമർശം (10,000 രൂപ)
   മലയാളസാഹിത്യ വിമർശനത്തിലെ മാർക്സിയൻ സ്വാധീനം **ഡോ.എസ്.എസ്.ശ്രീകുമാർ**

3. **ജി.എൻ.പിള്ള അവാർഡ്**-വൈജ്ഞാനികസാഹിത്യം (5000 രൂപ)
   കഥാപ്രസംഗം കലയും സമൂഹവും **ഡോ.സൗമ്യ കെ.സി.**

4. **ജി.എൻ.പിള്ള അവാർഡ്**-വൈജ്ഞാനികസാഹിത്യം (5000 രൂപ)
   ആരുടെ രാമൻ? **ഡോ.ടി.എസ്.ശ്യാംകുമാർ**

4. **ഗീതാഹിരണ്യൻ അവാർഡ്** -ചെറുകഥ (10,000 രൂപ)
   പൂക്കാരൻ **സലിം ഷെരീഫ്**

5. **യുവകവിത അവാർഡ്** (10,000 രൂപ)
   രാത്രിയിൽ അച്ചാങ്കര **ദുർഗ്ഗാപ്രസാദ്**

6. **പ്രൊഫ.എം.അച്യുതൻ എൻഡോവ്മെന്റ് അവാർഡ്**-സാഹിത്യവിമർശനം(25,000 രൂപ)
   ഉയിർ ഭൂപടങ്ങൾ **രാഹുൽ രാധാകൃഷ്ണൻ**

7. **തുഞ്ചൻസ്മാരക പ്രബന്ധമത്സരം** (5,000 രൂപ) **ഡോ.പ്രസീത കെ.പി.**

# പ്രസിദ്ധീകരണവിഭാഗം

കേരള സാഹിത്യ അക്കാദമിയുടെ പ്രധാനപ്പെട്ട ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഒന്നാണ് പുസ്തക പ്രസാധനം. അക്കാദമിയുടെ ഈ ജന്മദൗത്യം നിറവേറ്റുന്നതിൽ പ്രസിദ്ധീകരണവിഭാഗം നിർണ്ണായകമായ പങ്കുവഹിക്കുന്നു. നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള മലയാളഭാഷയേയും ആധുനിക കേരളീയ സമൂഹത്തെയും കുറിച്ച് ആഴത്തിൽ പഠനം നടത്തുന്ന നിരവധി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ അക്കാദമിക്ക് കഴിഞ്ഞിട്ടുണ്ട്. സാഹിത്യത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് വഴിയൊരുക്കുന്ന ഗൗരവമേറിയ ഗ്രന്ഥങ്ങൾ അച്ചടിച്ച് വ്യാപകമായി പ്രചരിപ്പിക്കുക എന്നത് ഒരു ദൗത്യമായി അക്കാദമി ഏറ്റെടുത്തിരിക്കുന്നു. മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയെ സഹായിക്കുന്ന പഠനങ്ങൾ, കലയുടെയും സംസ്കാരത്തിന്റെയും മേഖലയിലെ നൂതനമായ ചിന്തകൾ, ചരിത്രപ്രാധാന്യമുള്ള പഴയ മലയാള കൃതികളുടെ പുതിയ പതിപ്പുകൾ, ഭാരതീയവും വിദേശീയവുമായ ക്ലാസിക് ഗ്രന്ഥങ്ങളുടെ പരിഭാഷകൾ, വിവിധയിനം നിഘണ്ടുക്കളും വ്യാകരണഗ്രന്ഥങ്ങളും, മറ്റു ദ്രാവിഡഭാഷകളുമായുള്ള താരതമ്യപഠനങ്ങൾ എന്നിവയെല്ലാം പ്രസിദ്ധീകരണ വിഭാഗത്തിന്റെ സജീവമായ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

ഭാഷാപഠിതാക്കൾക്കും സാഹിത്യസ്നേഹികൾക്കും ഒഴിച്ചുകൂടാനാവാത്ത സൈദ്ധാന്തികവും വൈജ്ഞാനികവുമായ ഗ്രന്ഥങ്ങൾ, സർഗാത്മകകൃതികൾ, സാഹിത്യചരിത്ര-ഗവേഷണ ഗ്രന്ഥങ്ങൾ, ഭാഷാശാസ്ത്ര-വ്യാകരണ പുസ്തകങ്ങൾ എന്നിവ അക്കാദമി പുറത്തിറക്കുന്നു. മറ്റു പ്രസാധകർ ഏറ്റെടുക്കാൻ മടിക്കുന്നതും എന്നാൽ ചരിത്രപരമായ മൂല്യമുള്ളതുമായ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് അക്കാദമി എപ്പോഴും മുൻഗണന നൽകുന്നുണ്ട്. വിപണിയിൽ വേണ്ടത്ര ശ്രദ്ധ ലഭിക്കാത്ത പണ്ഡിതരായ എഴുത്തുകാരുടെ കൃതികൾ പ്രസിദ്ധീകരിക്കുന്നതിലൂടെ അവരെ സഹായിക്കാനും അക്കാദമിക്ക് സാധിക്കുന്നു. ഇത്തരത്തിൽ അമൂല്യവും അപൂർവവുമായ ഗ്രന്ഥങ്ങൾ വായനക്കാരിലേക്ക് എത്തിക്കുന്നതിലൂടെ മഹത്തായ ഒരു ഭാഷാസേവനമാണ് അക്കാദമി നിർവഹിക്കുന്നത്. അക്കാദമി സംഘടിപ്പിക്കുന്ന പുസ്തക പ്രകാശനച്ചടങ്ങുകൾ വലിയ സഹൃദയ പങ്കാളിത്തംകൊണ്ട് എല്ലായ്പ്പോഴും ശ്രദ്ധേയമാണ്.

**2024–25 കാലയളവിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ**

1. പലമതസാരവുമേകം
2. മലയാള നാടക സാഹിത്യ ചരിത്രം-ജി. ശങ്കരപ്പിള്ള
3. കേരളത്തിലെ പക്ഷികൾ: 6–ാം പതിപ്പ്
4. കേൾക്കാത്ത ശബ്ദങ്ങൾ
5. എം.അച്യുതന്റെ ഇരുപത് പ്രബന്ധങ്ങൾ
6. ഞാനമുത്തുമാല പാഠവും പഠനവും
7. അർത്ഥശാസ്ത്രം: 7–ാം പതിപ്പ്
8. എ.ശാന്തകുമാറിന്റെ സമ്പൂർണ്ണകൃതികൾ
9. എം.എസ്.ദേവദാസ് നിരൂപകനും പത്രാധിപരും
10. പുറമണ്ണൂർ ടി. മുഹമ്മദിന്റെ തെരഞ്ഞെടുത്ത കവിതകൾ

11. തെരഞ്ഞെടുത്ത നോവൽ പ്രബന്ധങ്ങൾ
12. മരണം ചുംബിച്ച ഭാവന
13. കേരളത്തിലെ പക്ഷികൾ: 7-ാം പതിപ്പ്
14. പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം: 8-ാം പതിപ്പ്
15. കേരളം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ 3-ാം പതിപ്പ്
16. നാട്യശാസ്ത്രവും കൂടിയാട്ടവും
17. കുഞ്ചന്റെ കല
18. അച്ഛൻ: 2-ാം പതിപ്പ്
19. സമത്വവാദിയും മറ്റുകൃതികളും
20. ഓണം മിത്തും ചരിത്രവും
21. പുരുഷാർത്ഥകൂത്ത്: നാലാം പതിപ്പ്
22. കടത്തനാട്ട് മാധവിയമ്മ
23. പറവകൾ
24. അപരദേശത്തിന്റെ ഭൂപടം
25. പലമതസാരവുമേകം: 2-ാം പതിപ്പ്
26. ആണ്ടാൾപ്പാടിയ തിരുപ്പാവൈ
27. മാപ്പിളഭൂമിക
28. ഡോ.പി.ജെ.തോമസിന്റെ ആദ്യകാല സാഹിത്യകൃതികൾ
29. വിശുദ്ധചാവറയച്ചൻ
30. കവിതയുടെ രാഗപൂർണ്ണിമ
31. പുറനാനൂറ്
32. മലയാള നോവൽ സാഹിത്യ ചരിത്രം: 4-ാം പതിപ്പ്
33. മണിമേഖല
34. എം.ടി.സിനിമകളിലെ സാഹിത്യ ദർശനം
35. തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ കെ.കുഞ്ചുണ്ണിരാജ
36. കൂറൂർ ഉണ്ണിനമ്പൂതിരി സമ്പുടം
37. മലയാള ചെറുകഥാസാഹിത്യചരിത്രം
38. മയൂരസന്ദേശം
39. സാഹിത്യം സംസ്കാരം ദർശനം
40. Ramanan

# പുസ്തകവില്പനവിഭാഗം

2024-25 സാമ്പത്തികവർഷത്തിൽ വില്പനശാല വഴി 44,50,839/-രൂപ മുഖവിലയുള്ള പുസ്തകങ്ങൾ വില്പന നടത്തിയിട്ടുണ്ട്. വിവിധ സ്ഥലങ്ങളിൽ അക്കാദമി സംഘടിപ്പിച്ചതും പങ്കെടുത്തതുമായ പുസ്തകപ്രദർശനത്തിൽ 29,88,175/-രൂപ മുഖവിലയുള്ള പുസ്തകങ്ങളും വില്പന നടത്തിയിട്ടുണ്ട്. മൊത്തം വില്പന 74,39,014/-രൂപയാണ്. പുസ്തകപ്രദർശനം നടന്ന സ്ഥലങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം

| | | |
|---|---|---|
| 1. പൂരം പുസ്തകോത്സവം-2024<br>അക്കാദമി വൈലോപ്പിള്ളി ഹാൾ | - | 2,98,255.00 |
| 2. ഓണം പുസ്തകോത്സവം 2024<br>അക്കാദമി വൈലോപ്പിള്ളി ഹാൾ | - | 5,31,847.00 |
| 3. പാലക്കാട് ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം-2024<br>പ്രസന്ന ലക്ഷ്മി ഓഡിറ്റോറിയം | - | 68,585.00 |
| 4. പാലക്കാട് ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം-2024<br>പാലക്കാട് ഇൻഡോർ സ്റ്റേഡിയം | - | 1,07,190.00 |
| 5. കോട്ടയം ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം-2024<br>ഇൻഡോർ സ്റ്റേഡിയം | - | 77,774.00 |
| 6. കണ്ണൂർ ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം-2024<br>കലക്ട്രേറ്റ് മൈതാനം | - | 1,28,771.00 |
| 7. കോഴിക്കോട് ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം-2024<br>മുഹമ്മദ് അബ്ദുൽ റഹ്മാൻ സ്മാരക ജൂബിലി ഹാൾ, കണ്ടംകുളം | - | 1,72,841.00 |
| 8. തൃശൂർ ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം-2024<br>ശ്രീശങ്കര ഹാൾ, തൃശ്ശൂർ | - | 61,936.00 |
| 9. എറണാകുളം ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം-2024<br>ആലുവ യു.സി.കോളേജ് ജൂബിലി ഹാൾ | - | 93,151.00 |
| 10. അക്കാദമി പുരസ്കാര വിതരണച്ചടങ്ങ്<br>അക്കാദമി ഓഡിറ്റോറിയം | - | 19,754.00 |
| 11. കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവം<br>എറണാകുളത്തപ്പൻ ഗ്രൗണ്ട് | - | 1,59,844.00 |
| 12. KLIBF 2024 കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം<br>നിയമസഭാ മന്ദിരം, തിരുവനന്തപുരം | - | 1,60,629.00 |
| 13. കുടുംബശ്രീ ദേശീയ സരസ് മേള-2025<br>ചെങ്ങന്നൂർ | - | 36,598.00 |
| 14. തുഞ്ചൻ ഉത്സവം-2024<br>തിരൂർ തുഞ്ചൻപറമ്പ് | - | 66,990.00 |
| **ആകെ** | | **18,57,221.00** |

# ആനുകാലിക പ്രസിദ്ധീകരണങ്ങൾ

സാഹിത്യചക്രവാളം മാസിക, സാഹിത്യലോകം ദ്വൈമാസിക, മലയാളം ലിറ്ററി സർവ്വേ (ഇംഗ്ലീഷ് ത്രൈമാസിക) എന്നിവയാണ് സാഹിത്യ അക്കാദമി പ്രസിദ്ധീകരിക്കുന്ന ആനുകാലികങ്ങൾ.

**സാഹിത്യചക്രവാളം**

സമകാലിക മലയാള, ഇന്ത്യൻ, ലോക സാഹിത്യങ്ങളുടെ ഒരു നേർക്കാഴ്ച വായനക്കാർക്ക് സമ്മാനിക്കുന്ന സാംസ്കാരിക-വാർത്താപ്രസിദ്ധീകരണമാണ് സാഹിത്യചക്രവാളം. പുതിയ സാഹിത്യവിശേഷങ്ങൾക്കൊപ്പം ഗൗരവമായ വായനയ്ക്കുതകുന്ന നിരവധി ലേഖനങ്ങളും നിലവിൽ സാഹിത്യചക്രവാളം പ്രസിദ്ധീകരിക്കുന്നുണ്ട്. പുതിയ പുസ്തകങ്ങളെ പരിചയപ്പെടുത്തുന്ന പംക്തികളും പുസ്തകനിരൂപണങ്ങളും സാഹിത്യകാരസ്മരണകളും മലയാളത്തിലെ പ്രമുഖ സാഹിത്യകാരുടെ ഓർമ്മദിനങ്ങളുൾപ്പെടുന്ന ഓർമ്മസൂചിയും സാഹിത്യചക്രവാളം മാസികയെ വ്യത്യസ്തമാക്കുന്നു.

**സാഹിത്യലോകം**

1970-ൽ പ്രസിദ്ധീകരണമാരംഭിച്ച സാഹിത്യലോകം മലയാളത്തിലെ എണ്ണംപറഞ്ഞ ഗവേഷണജേണലുകളിലൊന്നാണ്. 2019-ൽ യു.ജി.സി. കെയർ ലിസ്റ്റിൽ സ്ഥാനംനേടിയ സാഹിത്യലോകം, ഉന്നതനിലവാരമുള്ള മലയാളഗവേഷണപ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നു. അധ്യാപകർക്കും വിദ്യാർത്ഥികൾക്കും സാഹിത്യതൽപരർക്കും ഏറെ പ്രയോജനപ്പെടുന്ന സാഹിത്യലോകം 2023-24 വർഷം ആറ് പതിപ്പുകൾ പ്രസിദ്ധീകരിക്കുകയുണ്ടായി. എം.ടി.വാസുദേവൻനായരുടെ നവതിയുടെ ഭാഗമായി അദ്ദേഹത്തിന്റെ രചനാജീവിതത്തെ ആസ്പദമാക്കി 2023 മെയ്-ജൂൺ ലക്കം പ്രത്യേക പതിപ്പിറക്കി. മാധവിക്കുട്ടിയുടെ 'എന്റെ കഥ' അമ്പതാണ്ട് പിന്നിട്ട പശ്ചാത്തലത്തിൽ 'മാധവിക്കുട്ടിയുടെ ഉഭയലോകങ്ങൾ' എന്ന പേരിൽ പ്രസിദ്ധീകിച്ച സെപ്തംബർ-ഒക്ടോബർ ലക്കവും 'വിവർത്തനം: മലയാളത്തിൽനിന്ന് മറുഭാഷകളിലേക്ക്' എന്ന 2024 മാർച്ച്-ഏപ്രിൽ ലക്കവും ശ്രദ്ധേയമായി.

**മലയാളം ലിറ്ററി സർവ്വേ**

മലയാളഭാഷയേയും സാഹിത്യത്തേയും കുറിച്ച് മറ്റു ഭാഷകളിലുള്ളവർക്ക് ആധികാരികവും സമഗ്രവുമായ അറിവു പകരുന്നതിനായി 1976-ൽ ആരംഭിച്ച ത്രൈമാസികയാണ് മലയാളം ലിറ്ററി സർവ്വേ. എം.മുകുന്ദന്റെ വിഖ്യാതനോവൽ 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ' 50 വർഷം പൂർത്തിയാക്കിയ പശ്ചാത്തലത്തിൽ 'The Mayyazhi Marvel: 50 Years of Mayyazhippuzhayude Theerangalil എന്ന പതിപ്പും Finding her Space: Women in Theatre, Not Lost in Translation: Malayalam Classic and Contemporary Poetry, The Bible and Malayali Imagination, Evolution of English Studies in Kerala-Colonialism, Resistance and Modernity' എന്നീ പതിപ്പുകളുമാണ് ഈ സാമ്പത്തികവർഷം പ്രസിദ്ധീകരിച്ചത്.

## സോഷ്യൽമീഡിയ/വെബ്സൈറ്റ് പ്രവർത്തനങ്ങൾ

സാഹിത്യ അക്കാദമിയുടെ പ്രവർത്തനങ്ങൾ കൂടുതൽ പേരിലേക്ക് എഫ്.ബി., ഇൻസ്റ്റാഗ്രാം പേജുകളിലൂടെ എത്തിക്കാനായി. പരമാവധി പ്രോഗ്രാമുകളും പ്രഭാഷണങ്ങളും അക്കാദമിയുടെ യൂട്യൂബ് പേജിലേക്ക് അപ്‌ലോഡ് ചെയ്തു.

## ഭരണപരമായ കാര്യങ്ങൾ

2024-25 സാമ്പത്തികവർഷത്തിൽ സച്ചിദാനന്ദൻ അധ്യക്ഷനായ നിർവാഹകസമിതിയുടെ പന്ത്രണ്ട് യോഗങ്ങളും ജനറൽ കൗൺസിലിന്റെ രണ്ട് യോഗങ്ങളും ചേർന്നു. കേരള സാഹിത്യ അക്കാദമിയിലെ മാനേജർ ജെസി ടി.ആന്റണി, ഫുൾടൈം സ്വീപ്പർ എസ്.രമാദേവി 30.04.2024-ന് വിരമിച്ചു.

# കേരള സാഹിത്യ അക്കാദമി

## വരവ്-ചെലവ് സ്റ്റേറ്റ്മെന്റ് 2024-25

| | വരവ് | തുക |
|---|---|---|
| 1. | മുന്നിരിപ്പ് | 4,21,66,301.36 |
| 2. | മലയാളം ലിറ്റററി സർവ്വേ | 42,752.00 |
| 3. | സാഹിത്യലോകം | 51,545.00 |
| 4. | സാഹിത്യചക്രവാളം | 48,280.00 |
| 5. | കേരള സാഹിത്യ അക്കാദമി പബ്ലിക്കേഷൻസ് | 43,18,299.00 |
| 6. | മലയാളഭാഷാ പരിഷ്ക്കരണകമ്മിറ്റി | 151.00 |
| 7. | കൈരളീഗ്രാമം വാടക | 1,04,400.00 |
| 8. | തപാൽക്കൂലി | 98,770.00 |
| 9. | ഡിജിറ്റൽ പ്രിന്റിംഗ് ചാർജ് | 34,724.00 |
| 10. | ഇൻകം ടാക്സ്-ടിഡിഎസ് | 2,04,506.00 |
| 11. | ഇൻകം ടാക്സ് ടിഡിഎസ് ILFK | 800.00 |
| 12. | ഫോട്ടോകോപ്പി | 1,00,214.00 |
| 13. | അഡ്വാൻസ് റീഫണ്ട് | 1,64,609.00 |
| 14. | ലൈബ്രറി ഫീസ് | 86,475.00 |
| 15. | ഓഡിറ്റോറിയം വാടക | 12,89,580.00 |
| 16. | വൈലോപ്പിള്ളി ഹാൾ വാടക | 3,63,040.00 |
| 17. | ചങ്ങമ്പുഴ മന്ദിരം വാടക | 4,64,440.00 |
| 18. | ബഷീർവേദി വാടക | 18,560.00 |
| 19. | നാലപ്പാട്ട് ഓഡിറ്റോറിയം (കമലാസുരയ്യ സ്മാരകം) വാടക | 13,900.00 |
| 20. | കുഞ്ഞുണ്ണിമാഷ് സ്മാരകം-ഹാൾ വാടക | 500.00 |
| 21. | നിരതദ്രവ്യം | 21,000.00 |
| 22. | ILFK പുസ്തകോത്സവം സ്റ്റാൾ വാടക | 3,000.00 |
| 23. | 2023-24 വർഷം വാർഷികക്കണക്കിൽ വന്ന വ്യത്യാസം തിരികെ അടച്ചത് | 6,199.00 |
| 24. | സാഹിത്യ സാംസ്കാരിക സംഘടനാ രജിസ്ട്രേഷൻ | 800.00 |
| 25. | ടെണ്ടർ ഫോം ഫീസ് | 4,956.00 |
| 26. | ലേലം - പഴയ അലമാര, പ്ലാസ്റ്റിക് കസേര, പഴയ പേപ്പർ, വിറക് | 8,166.00 |
| 27. | പുസ്തക വില്പന-അപ്പൻ തമ്പുരാൻ സ്മാരകം | 6,725.00 |
| 28 | പി.ഭാസ്കരൻ ജന്മശതാബ്ദി-ചെലവാക്കിയ തുക തിരികെ ലഭിച്ചത് | 50,000.00 |

| | | | |
|---|---|---|---|
| 29. | എ.ശാന്തകുമാറിന്റെ സമ്പൂർണ്ണകൃതികൾ പ്രീ പബ്ലിക്കേഷൻ | | 22,100.00 |
| 30. | പി.എച്ച്.ഡി.കോഴ്സ് ഫീസ് | | 10,000.00 |
| 31. | ടെണ്ടർ സെക്യൂരിറ്റി ഡെപ്പോസിറ്റ് | | 19,295.00 |
| 32. | ലേലം - ഇ.എം.ഡി. ക്വട്ടേഷൻ | | 500.00 |
| 33. | സ്ക്രാപ്പ് സെയിൽ | | 7,022.00 |
| 34. | റോയൽറ്റി | | 3,690.00 |
| 35. | ഉപയോഗശൂന്യമായ ടൈപ്പ്റൈറ്റിംഗ് മെഷീൻ വില്പന | | 250.00 |
| 36. | സി.എം.ഡി.ആർ.എഫ്. സ്റ്റാഫ് | | 75,000.00 |
| 37. | സി.എം.ഡി.ആർ.എഫ് | | 45,000.00 |
| 38. | വിവരാവകാശനിയമം - ഫോട്ടോകോപ്പി ചാർജ് | | 376.00 |
| 39. | പ്രളയാക്ഷരങ്ങൾ പുസ്തകവില്പന | | 1,120.00 |
| 40. | പ്രൊഫ.എം.അച്യുതൻ എൻഡോവ്മെന്റ് അവാർഡ് | | 25,000.00 |
| 41. | മറ്റു പ്രസാധകരുടെ പുസ്തകവില്പന വിറ്റുവരവ് | | 2,60,107.00 |
| 42. | ഡെവലപ്മെന്റ് ഫണ്ടിൽനിന്നും സിഎംഡിആർഎഫ് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തത് | | 25,000.00 |
| 43. | 31.03.2024-ന് സർക്കാർ പിൻവലിച്ച തുക തിരികെ ലഭിച്ചത് | | 14,53,777.00 |
| 44. | പലിശ | | |
| | ടി.എസ്.ബി. 220 | 17,07,497.00 | |
| | ടി.എസ്.ബി. 150 | 1,28,481.00 | |
| | എസ്.ബി.ഐ. | 94,702.00 | 19,30,680.00 |
| 45. | പലിശ-വിദ്യാഭ്യാസനിധി എസ്.ബി. അക്കൗണ്ടിൽനിന്നും ലഭിച്ചത് | | 2,879.00 |
| 46. | പലിശ വിദ്യാഭ്യാസനിധി അക്കൗണ്ടിൽനിന്നും ലഭിച്ചത് | | 45,518.00 |
| 47. | ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് - വരവ് | | 18,99,793.00 |
| 48. | സർക്കാരിൽ നിന്ന് ലഭിച്ച ഗ്രാന്റ് :- | | |
| | പദ്ധതിയേതര പ്രവർത്തനം | | 1,23,13,000.00 |
| | പദ്ധതി പ്രവർത്തനം | | 1,60,00,000.00 |
| | അപ്പൻ തമ്പുരാൻ സ്മാരക ഗ്രാന്റ് | | 1,00,000.00 |
| | എഴുത്തച്ഛൻ പുരസ്കാരം | | 5,00,000.00 |
| | | ആകെ | **8,44,12,799.36** |

## ചെലവ്

### പദ്ധതിയേതര ചെലവ്

### (എ) എസ്റ്റാബ്ലിഷ്മെന്റ്:-

| | | | |
|---|---|---|---|
| 1. | ശമ്പളവും അലവൻസും | | 1,13,68,530.00 |
| 2. | മെമ്പർമാരുടെ യാത്രാബത്ത | | 3,37,520.00 |
| 3. | സ്റ്റാഫിന്റെ യാത്രാബത്ത | | 81,827.00 |
| 4. | കണ്ണട റീ ഇമ്പേഴ്സ്മെന്റ് | | 3,000.00 |
| | | | **1,17,90,877.00** |

### (ബി) കണ്ടിജൻസി (അത്യാവശ്യ ചെലവുകൾ):-

| | | | |
|---|---|---|---|
| 1. | ഓഫീസ് ചെലവുകൾ | | 4,17,455.00 |
| 2. | പോസ്റ്റേജ് | | 2,67,944.00 |
| 3. | യോഗചെലവുകൾ | | 1,72,234.00 |
| 4. | ടെലഫോൺ | | 1,78,655.00 |
| 5. | വാൻ മെയിന്റനൻസ്-അക്കാദമി | | |
| | ഡീസൽ | 1,03,200.00 | |
| | റിപ്പയർ | 34,840.00 | |
| | ഇൻഷൂറൻസ് & ടാക്സ് | 41,635.00 | 1,79,675.00 |
| 6. | കാർ മെയിന്റനൻസ് (പ്രസിഡന്റ്) | | |
| | ഡീസൽ | 85,180.00 | |
| | റിപ്പയർ | 34,913.00 | |
| | ഇൻഷുറൻസ് & ടാക്സ് | 13,107.00 | 1,33,200.00 |
| 7. | കാർ മെയിന്റനൻസ് (സെക്രട്ടറി) | | |
| | ഡീസൽ | 1,67,500.00 | |
| | റിപ്പയർ/അഡീഷണൽ വർക്സ് | 1,06,858.00 | |
| | ഇൻഷുറൻസ് & ടാക്സ് | 49,098.00 | 3,23,456.00 |
| 8. | ജനറേറ്റർ മെയിന്റനൻസ് | | |
| | ഡീസൽ | 22,000.00 | |
| | റിപ്പയർ | 430.00 | |
| | എ.എം.സി.റിന്യൂവൽ | 11,800.00 | 34,230.00 |
| 9. | സ്റ്റേഷനറി & പ്രിന്റിംഗ് | | 1,16,971.00 |
| 10. | ഇലക്ട്രിസിറ്റി & വെള്ളം | | 6,00,495.00 |
| 11. | പ്രസിഡന്റിനുള്ള ഓണറേറിയം | | 3,00,000.00 |
| 12. | വൈസ് പ്രസിഡന്റിനുള്ള ഓണറേറിയം | | 1,20,000.00 |
| 13. | ദിവസ/കരാർ ജീവനക്കാരുടെ വേതനം | | 27,83,018.00 |
| 14. | ഭൂനികുതി (കമലാ സുരയ്യ സ്മാരകം) | | 25,847.00 |
| 15. | സ്റ്റാഫ് ക്വാർട്ടേഴ്സ് വാട്ടർ ചാർജ് | | 13,536.00 |

| | |
|---|---|
| 16. സ്റ്റാഫ് ക്വാർട്ടേഴ്സ് | 9,000.00 |
| 17. പ്രൊഫഷണൽ ടാക്സ് (അക്കാദമി) | 89,100.00 |
| 18. പ്രൊഫഷണൽ ടാക്സ് (അപ്പൻ തമ്പുരാൻ സ്മാരകം) | 10,900.00 |
| 19. തൊഴിൽ നികുതി | 4,122.00 |
| | **57,79,838.00** |

| | |
|---|---|
| **ആകെ പദ്ധതിയേതരച്ചെലവ് (എ + ബി)** | **1,75,70,715.00** |

| | | | |
|---|---|---|---|
| 1. | പദ്ധതിയേതര ചെലവ് | | 1,75,70,715.00 |
| 2. | പദ്ധതിപ്രവർത്തന ചെലവുകൾ | | 1,52,54,320.00 |
| 3. | പുസ്തകപ്രദർശനങ്ങൾ | | 23,51,673.00 |
| 4. | സി.എം.ഡി.ആർ.എഫ്. | | 1,00,000.00 |
| 5. | നിരതദ്രവ്യം തിരികെ നൽകിയത് | | 14,000.00 |
| 6. | സെക്യൂരിറ്റി ശമ്പളം | | 3,36,000.00 |
| 7. | ഇൻകം ടാക്സ് നൽകിയത് | | 2,21,605.00 |
| 8. | സ്ഥിരനിക്ഷേപം - ജില്ലാ ട്രഷറി | | 40,00,000.00 |
| 9. | എഴുത്തച്ഛൻ പുരസ്കാരം | | 5,00,000.00 |
| 10. | 31.03.2025-ന് എസ്.ടി.എസ്.ബി. അക്കൗണ്ടിൽനിന്നും സർക്കാർ പിൻലിച്ചത് | | 28,64,000.00 |
| 11. | 31.03.2025-ന് പി.എസ്.ടി.എസ്.ബി. അക്കൗണ്ടിൽനിന്നും സർക്കാർ പിൻലിച്ചത് | | 3,97,647.00 |
| 12. | അപ്പൻ തമ്പുരാൻ സ്മാരകം ചെലവിലേക്ക് മാറ്റിയത് | | 11,66,235.00 |
| 13. | ജി.എൻ.പിള്ള അവാർഡ് | 5,000.00 | |
| 14. | ഗീതാഹിരണ്യൻ എൻഡോവ്മെന്റ് അവാർഡ് | 10,000.00 | |
| 15. | കെ.ആർ.നമ്പൂതിരി അവാർഡ് | 2,000.00 | |
| 16. | സി.ബി.കുമാർ അവാർഡ് | 10,000.00 | 27,000.00 |
| 17. | യുവകവിതാ അവാർഡ് | | 10,000.00 |
| 18. | എം.അച്യുതൻ എൻഡോവ്മെന്റ് അവാർഡ് | | 25,000.00 |
| 19. | തുഞ്ചൻ പ്രബന്ധമത്സരസമ്മാനം | | 5,000.00 |
| 20. | സർവ്വദേശീയ സാഹിത്യോത്സവം - ചെലവ് | | 1,32,190.00 |
| 21. | സി.എം.ഡി.ആർ.എഫ്. | | 45,000.00 |
| 22. | പ്രോവിഡന്റ് ഫണ്ട് | | |
| | പി.എഫ്.ലോൺ | 6,05,000.00 | |
| | പി.എഫ്.പിൻവലിച്ചത് (റിട്ട.സ്റ്റാഫ്) | 33,51,736.00 | 39,56,736.00 |
| 23 | ബാങ്ക് ചാർജുകൾ | | 1,681.00 |
| | | | **4,89,78,802.00** |

| | |
|---|---|
| **ആകെ വരവ്** | **8,44,12,799.36** |
| **ആകെ ചെലവ്** | **4,89,78,802.00** |
| **നീക്കിയിരിപ്പ്** | **3,54,33,997.36** |

# കേരള സാഹിത്യ അക്കാദമി
## അപ്പൻതമ്പുരാൻ സ്മാരകം
### വരവ്-ചെലവ് സ്റ്റേറ്റ്മെന്റ് 2024-25

| | | |
|---|---|---|
| നീക്കിയിരിപ്പ് | | 11,344.47 |
| ക്യാഷ് ഇൻ ഹാന്റ് | | 156.00 |
| **വരവ്** | | |
| ഫോട്ടോകോപ്പി | 6,390.00 | |
| ഗ്രാന്റ് ലഭിച്ചത് | 1,00,000.00 | |
| പലിശ | 383.00 | |
| അക്കാദമിയിൽനിന്ന് ട്രാൻസ്ഫർ ചെയ്തത് | 10,66,235.00 | 11,73,008.00 |
| | | **11,84,508.47** |
| **ചെലവ്** | | |
| ശമ്പളവും അലവൻസും (ദിവസവേതനം ഉൾപ്പെടെ) | 11,59,352.00 | |
| ടെലഫോൺ | 4,738.00 | |
| ആനുകാലികങ്ങൾ | 2,145.00 | 11,66,235.00 |
| | | **18,273.47** |
| **നീക്കിയിരിപ്പ് (ബാങ്ക്)** | | **18,273.47** |